പുസ്തകം ൩. ൧൦൯൩.

# കർമ്മലകസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

March, 1918.

## സംഗതിവിവരം.


1 കത്തോലിക്കാസഭയുടെ നിരന്തരമായ അഭിവൃദ്ധി.
2 ദിവ്യകാരുണ്യജീവിതം.
3 വിശുദ്ധ യൌസേപ്പുപിതാവ്.
4 പൂജ്യനായ പത്രോസ് ദെബാസ്സോ.
5 കത്തോലിക്കാ ഉപദേശത്തിന്റെ ഒരു വിവരണം.
6 വിശുദ്ധ പത്രീസ്സിയുടെ ജീവചരിത്രം.
7 കുടുംബങ്ങളെ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുക.
8 സ്ലീവാപ്പാതപ്പുത്ര ജപം.
9 തിരുഹൃദയസഭക്കാർ ൧൦൮൭ മീനമാസത്തിൽ വെച്ചുകൂടിയ പൊതുനിയോഗം.
10 ലോകവർത്തമാനച്ചുരുക്കം.


# നോട്ടീസ്

ആണ്ടൊന്നുക്കു തപാൽകൂലി ഉൾപ്പെടെ ബ്രി. രൂപാ ൧

യാതൊരുത്തൻ അഞ്ചുപേരെ പത്രവരിക്കാരായി ചേർത്തു പേരയക്കുകയും സ്വന്ത മേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റു വാങ്ങിച്ചുകൊടുക്കുകയും പത്രവരി പിരിച്ചു ഒന്നായി അടക്കുകയും ചെയ്യുന്നതായാൽ അയാൾക്കു ആറാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

"കർമ്മെല കുസുമം" മാനേജർ,

Mannanam. മാന്നാനം.

മാസികയുടെ വരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ചു അപേക്ഷിക്കയോ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയോ ചെയ്യണം. പണമടയ്ക്കാതെ മാസികക്കു ആവശ്യപ്പെടുന്നവർക്കെല്ലാം, സാധാരണ വി. പി. ആയി മാത്രമേ അയക്കയുള്ളൂ. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്കു ഇവിടെനിന്നു വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.

കർമ്മല കുസുമം

പുസ്തകം ൧൩)  ൧൯൧൮ മാർച്ച്  (ലക്കം ൩.

## കത്തോലിക്കാ സഭയുടെ നിരന്തരമായ അഭിവൃദ്ധി.

ഇംഗ്ലണ്ടിലും ഈ കഴിഞ്ഞ ശതകത്തിൽ കത്തോലിക്കാ സഭയ്ക്കുളവായിരിക്കുന്ന അഭിവൃദ്ധി സീമാതീതമാകുന്നു. ൧൯-ാം ശതകത്തിന്റെ ആരംഭത്തിൽ, ന്യൂമാൻ പറയുന്നതുപോലെ "ഇംഗ്ലണ്ടിന്റെ കോണുകളിലും മൂലകളിലുംമാത്രം നിവസിച്ചിരുന്ന കത്തോലിക്കർ" നാലു വികാരി അപ്പസ്തോലിക്കാമാരാൽ ഭരിക്കപ്പെട്ടിരുന്നു. എന്നാൽ ക്രമേണ കത്തോലിക്കരുടെ തുക വർദ്ധിച്ചു. കത്തോലിക്കർക്കു വിരോധമായുണ്ടായിരുന്ന രാജ്യനിയമങ്ങൾ പലതും ഓരോന്നായി പിൻവലിക്കപ്പെട്ടു. ൧൮൩൩-ൽ ഓക്സ്ഫോർഡ് ചലനം (The Oxford Movement ആരംഭിച്ചു. ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ പ്രോട്ടസ്റ്റൻറു പണ്ഡിതന്മാരായ ന്യൂമാൻ മുതലായവർ ആംഗ്ലേയ (ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റൻറു സഭ) സഭയുടെ ബോധനം ഈശോമ്ശിഹാ പഠിപ്പിച്ചു സ്ഥാപിച്ചതിൽനിന്നു വ്യത്യാസപ്പെടുന്നില്ലെന്നു തെററിധരിച്ചുകൊണ്ടു സുവിശേഷാസത്തോടുകൂടെ അതിനെ നീതീകരിക്കുന്നതിനും ആദരിക്കുന്നതിനും ആരംഭിച്ചു. ഈ ഉദ്ദേശത്തോടുകൂടെ തിരുസഭാ പിതാക്കന്മാരുടെ പ്രബന്ധങ്ങളേയും തിരുസഭയുടെ ആദ്യയുഗങ്ങളുടെ ചരിത്രവും ശാസ്ത്രീയമായവിധത്തിൽ പരിശോധിച്ചതിന്റെ ഫലമായി, മ്ശിഹാ സ്ഥാപിച്ച ഏകമായ സത്യസഭ ആരംഭശതകങ്ങൾ മുതൽക്കു വി. പത്രോസിന്റെ പിൻഗാമിയായ റോമ്മാ മാർപ്പാപ്പാമാരാൽ ഭരിക്കപ്പെട്ടുപോരുന്ന കത്തോലിക്കാസഭ മാത്രമെന്നു ക്രമേണ ബോധിക്കയും, കടശി ൧൮൪൫-ൽ ന്യൂമാൻ കത്തോലിക്കാ സഭയിൽ പ്രവേശിക്കയുംചെയ്തു. ൧൮൫൦-ൽ ൯-ാം പിയൂസ് മാർപ്പാപ്പാ ഇംഗ്ലണ്ടിൽ വൈദിക മേലദ്ധ്യക്ഷക്രമം (Hierarchy) സ്ഥാപിച്ചു. ന്യൂമാനേ അനുഗമിച്ചു കത്തോലിക്കാ സഭയിലേക്കു പിന്തിരിഞ്ഞു വരുന്ന പ്രോട്ടസ്റ്റൻറുകാരിൽ ഭൂരിപക്ഷവും ഉന്നത വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരുടെയിടയിൽ നിന്നാകുന്നു. മാനസാന്തരപ്പെട്ട സർവ്വകലാശാലാ ബിരുദധാരികളിൽ ൬൮൬ ഓക്സ്ഫോർഡിൽ നിന്നും, ൩൪൬ കെയിംബ്രിജ്ജിൽ നിന്നും, ൩൨ ട്രിനിററി കോളജ്ജിൽ നിന്നും, ൨൪ ഡർഹാമിൽനിന്നുമാണ്. ൧൮൫൯ മുതൽ ൧൯൦൯ വരെയുള്ള ൫൦ കൊല്ലത്തിനിടയിൽതന്നെ ആംഗ്ലിക്കൻ വൈദികരിൽനിന്നു ൪൪൩-ം, നാവിക സൈന്യ ഉദ്യോഗസ്ഥന്മാരിൽനിന്നു ൨൦൫-ം, വക്കീലന്മാരിൽനിന്നു ൧൭൯-ം, ഡോക്ടർമാരിൽനിന്നു ൩൦-ം, പ്രഭുവംശക്കാരിൽനിന്നു ൩൩-ം വീതമാണ് മാനസാന്തരപ്പെട്ടിട്ടുള്ളത്. ഈ മാനസാന്തരം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഇപ്പോൾ ഇംഗ്ലണ്ടിൽനിന്നു ആണ്ടുതോറും മാനസാന്തരപ്പെടുന്ന പ്രോട്ട

സ്റ്റണ്ടുകാരുടെ ശരാശരി തുക പതിനായിരമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

കത്തോലിക്കാ സഭക്കു അടുത്ത യുഗങ്ങളിൽ ഉണ്ടായിട്ടുള്ള ആശ്ചര്യകരമായ അഭിവൃദ്ധിയെ പ്രോട്ടസ്റ്റൻറുകാർപോലും സമ്മതിച്ചുപറയുന്നു. ഡോക്ടർ കോൽഡ് എന്ന പ്രോട്ടസ്റ്റൻറു ശാസ്ത്രി ഇപ്രകാരം പറയുന്നു. "കത്തോലിക്കാ സഭക്കു കഴിഞ്ഞ കുറേ സംവത്സരങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള സാരമായ അഭിവൃദ്ധിയെപ്പററിയുള്ള ഏതെങ്കിലും ജ്ഞാനം ആധുനിക സംഭവങ്ങളെ സദാ ചരിത്രവെളിച്ചത്തിൽ കണ്ടു മനസ്സിലാക്കുന്ന ചുരുക്കം ചില ആളുകൾക്കു മാത്രമെയുള്ളു."

ഇത്രയും പറഞ്ഞതിൽനിന്നു കത്തോലിക്കാസഭ ആരംഭത്തിൽ കടുകുമണിപോലെ ചെറുതായിരുന്നാലും കടുകുതൈപോലെ എല്ലാ യുഗങ്ങളിലും തുടർച്ചയായി വളൎന്ന്, ഇപ്പോൾ ലോകം മുഴുവനും കൊമ്പുകൾ പടൎന്നിരിക്കുന്ന ഒരു വൃക്ഷമായിത്തീൎന്നിരിക്കുന്നുവെന്നു വിശദമാകുന്നുണ്ടല്ലൊ. ഈ തുടർച്ചയായുള്ള വളർച്ചയോ, ഇടവിടാതെയുള്ള ശത്രുക്കളുടെയും തടസ്സങ്ങളുടെയും മദ്ധ്യേ ആശ്ചര്യകരമായ അഭിവൃദ്ധിയോ മററു യാതൊരു മതത്തിനോ, കത്തോലിക്കാ സഭയിൽനിന്നു കാലാന്തരത്തിൽ വെട്ടപ്പെട്ട ശാഖകൾപോലെ ബഹിഷ്കരിക്കപ്പെട്ട മതദ്വേഷികളുടെ ഏതെങ്കിലും സഭക്കോ ഉണ്ടായിട്ടില്ല. ഇടത്തൂട്ടുകളിൽ ഏററം ശക്തിമത്തായ ആരിയമതം നാമാവശേഷമായിട്ടു പലേ ശതകങ്ങൾ കഴിഞ്ഞിരിക്കുന്നു. അതിനെത്തുടൎന്നു നെസ്റ്റോറിയരും ഏകസ്വഭാവവാദികളും അവസാനിച്ചിട്ടില്ലെങ്കിലും അധോഗതിയിൽ സ്ഥിതിചെയ്യുന്നു. ഏകസ്വഭാവവാദികളായ യാക്കോബായ സുറിയാനിക്കാർ ഇപ്പോൾ ലോകത്തിൽ ആകപ്പാടെ ൩ ലക്ഷത്തിൽ അധികമില്ലെന്നു പറയാം. അതിൽ രണ്ടേകാൽലക്ഷവും കേരളത്തിലത്രേ. അടുത്തകാലത്തുണ്ടായ വലിയ ഇടത്തൂടായ പ്രോട്ടസ്റ്റാൻറു മതവും അനേക കക്ഷികളായി വിഭജിക്കപ്പെട്ടു ക്ഷയിച്ചുതുടങ്ങിയിരിക്കുന്നു. മാത്രമല്ല, ഇവ ഒക്കയും ഓരോ പ്രത്യേക രാജ്യങ്ങളിലും ജനങ്ങളിലുംമാത്രം കാണപ്പെടുന്നു. കത്തോലിക്കാ സഭയാകട്ടെ എല്ലാ രീത്തുകളേയും ജനങ്ങളേയും അടക്കിക്കൊള്ളുന്നു. ആരംഭം മുതൽ ഇന്നോളം അക്ഷീണമായി അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. തൻെറ മരണത്തോടുകൂടെ കത്തോലിക്കാ സഭയും മരിക്കുമെന്നു ൧൬-ാംശതകത്തിൽ ഘോഷിച്ച ലുത്തെരും, ൧൨ മീമ്പിടുത്തക്കാരാൽ ആരംഭിച്ച കത്തോലിക്കാ സഭ ഞാൻ ഒരുത്തൻതന്നെ നശിപ്പിക്കുമെന്നു ൧൮-ാം ശതകത്തിൽ വമ്പുപറഞ്ഞ വോൾട്ടയറും, ൧൮൭൦-ൽ മാർപ്പാപ്പായുടെ രാജ്യം അന്യാധീനപ്പെട്ടപ്പോൾ കത്തോലിക്കാ സഭയുടെ ഐക്യവും ശക്തിയും ക്ഷയിക്കുന്നതിനുള്ള ഒന്നാമത്തേതും ഏററവും പ്രധാനവുമായ പടി കഴിഞ്ഞിരിക്കുന്നുവെന്നു ജല്പിച്ച അവിശ്വാസികളും നുണയന്മാരായിത്തീൎന്നിരിക്കുന്നു. നരകവാതിലുകൾ തിരുസഭയോടു ഒരിക്കലും ശക്തിപ്പെടുകയില്ലെന്നുള്ള അതിൻെറ ദിവ്യസ്ഥാപകൻെറ വാഗ്ദാനം ശതകംതോറും നിറവേറിക്കൊണ്ടിരിക്കുന്നതായി ചരിത്രം വിളിച്ചറിയിക്കുന്നു. ഇപ്പോഴാകട്ടെ അനേക രാജ്യങ്ങളും ജനങ്ങളും ചക്രവൎത്തികൾ, രാജാക്കൾ, പ്രസിഡണ്ടന്മാർ, രാജ്യതന്ത്രജ്ഞന്മാർ, വിദ്വാന്മാർ, ഗ്രന്ഥകാരന്മാർ, ശാസ്ത്രജ്ഞന്മാർ മുതലായവരും അതിൻെറ അംഗങ്ങളായിരിക്കുന്നത് തങ്ങളുടെ ഏററം വലിയ ഭാഗ്യമായിക്കരുതി അതിൽനിന്നു രക്ഷയുടെ ഫലങ്ങളെ ഭക്ഷിച്ചുവരുന്നു. അതിൻെറ അംഗങ്ങൾ ഇപ്പോൾ ൩൦ കോടി ൧൧ ലക്ഷത്തി ൮൨൧൧൨ ആണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അതു ലോകത്തിലുള്ള സകല മതവിഭാഗങ്ങളിൽ ഓരോന്നിനേയുംകാൾ വലുതായിരിക്കുന്നുവെന്നു മാത്രമല്ല, ഇടത്തൂട്ടു സഭകളെല്ലാം ഒരുമിച്ചുചേൎത്താലും ജനസംഖ്യയിൽ അതിനെ അധികരിക്കുന്നില്ല.

ടോക്കിയോയിലെ രാജകീയ സൎവ്വകലാശാലയിൽ വിവിധമതപരിശോധനാശാസ്ത്രത്തിൻെറ പ്രോഫസരായ ഡോക്ടർ അനെസാക്കിമൻ സാഹാ ക്രിസ്തീയമതത്തെ കഴിയുന്നത്തും സൂക്ഷ്മമായി മനസ്സിലാക്കുന്നതിന് യൂറോപ്പിൽ സഞ്ച

രിക്കയുണ്ടായി. അദ്ദേഹം കണ്ടറിഞ്ഞ സംഗതികളെ പലേ ഉപന്യാസങ്ങൾ വഴിയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവതുകളിൽ ഒന്നിൽ അദ്ദേഹം ഇങ്ങനെ പറയുന്നു. "മനുഷ്യകുലത്തിന്റെ ചരിത്രത്തിൽ കാണുന്ന സകല സ്ഥാപനങ്ങളിലുംവെച്ചു ഏററം ശക്തിയേറിയതും ഏററം പരിപൂർണ്ണയും ഏററം ശ്രേഷ്ഠമായുള്ളതും കത്തോലിക്കാസഭയാകുന്നു. റോമ്മാ കേന്ദ്രസ്ഥാനമായിരിക്കുന്ന ആ സമൂഹത്തിലാകുന്നു ക്രിസ്തീയ മതത്തിന്റെ പൂർണ്ണത കാണപ്പെടുന്നത്". ഇത്ര മഹത്തായ ഈ ദൈവരാജ്യത്തിന്റെ അംഗങ്ങളായിരിപ്പാനുള്ള ഭാഗ്യം ലഭിച്ചിരിക്കുന്ന നമുക്കു നമ്മുടെ വിശ്വാസത്തെ സകലത്തെക്കാൾ കാര്യമായി മതിക്കയും അതിനെക്കുറിച്ചു അഭിമാനിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യാം. ഇടത്തൂട്ടുകാരുടെയും അവിശ്വാസികളുടെയും അജ്ഞാനത്തിൽനിന്നും അഹങ്കാരത്തിൽനിന്നും ഉത്ഭവിക്കുന്ന കത്തോലിക്കാമതത്തെപ്പററിയുള്ള ദോഷാരോപണങ്ങളാലും പുച്ഛരസപ്രയോഗങ്ങളാലും അശേഷം ഇളകാതെ സത്യവിശ്വാസത്തിൽ എപ്പോഴും സ്ഥിരമായി നിന്ന കത്തോലിക്കാസഭയുടെ അനുസരണയുള്ള മക്കളായി നമുക്കു വർത്തിക്കാം.

!ഛ് .2

## ദിവ്യകാരുണ്യജീവിതം.

പരിശുദ്ധ കന്യകമറിയം പ്രാപിച്ച അത്യുന്നതങ്ങളായ പുണ്യപദവികളെപ്പററി നമുക്കു പലപ്പോഴും ആശ്ചര്യം തോന്നാറുണ്ടു. ദൈവം മനുഷ്യരെ സൃഷ്ടിക്കുകയിൽ കരുതിയ പരമോദ്ദേശ്യത്തെ മനുഷ്യവർഗ്ഗത്തിൽവച്ചു ഈ കന്യകമാത്രമേ പൂർണ്ണമായി യഥാർത്ഥീകരിച്ചിട്ടുള്ളു. എന്നാൽ ദൈവം മനുഷ്യരെ എന്തുദ്ദേശ്യത്തിനാണ് ഇല്ലായ്മയിൽ നിന്നു നിർമ്മിക്കാൻ തിരുമനസ്സായതു്. അതു നാം ശിശുപ്രായത്തിൽതന്നെ നമ്മുടെ മാതാപിതാക്കന്മാരിൽനിന്നു പഠിച്ചിട്ടുള്ളതാണ്. ഇഹലോകത്തിൽ ദൈവത്തെ നാം അറിഞ്ഞു, സ്നേഹിച്ചു സേവിക്കുന്നതിനും അതിന്റെശേഷം പരലോകത്തിൽ അവിടത്തെ എല്ലായ്പോഴും കണ്ടാനന്ദിക്കുന്നതിനും വേണ്ടിയാണ് ദൈവം നമ്മെ സൃഷ്ടിക്കാൻ തിരുമനസ്സായതു്. പരിശുദ്ധ കന്യകയാവട്ടെ ഈ പരമോദ്ദേശ്യത്തെ പരിപൂർണ്ണമായി നിറവേററിയിട്ടുണ്ടു. എങ്ങനെയെന്നാൽ ഈ പരമനായികയുടെ ജീവിതകാലമെല്ലാം തന്റെ സ്രഷ്ടാവിനെ നിരന്തരമായി ആരാധിക്കുന്നതിൽ വിനിയോഗിച്ചിരുന്നു. താൻ ദൈവജനനിയായി തീരുന്നതിനു വളരെ മുമ്പേതന്നെ ദൈവവരപ്രസാദങ്ങളെ പരിപൂർണ്ണമായി ഫലിപ്പിച്ചു വന്നതിനാൽ പുണ്യയോഗ്യതകളിൽ യാതൊരു ഭംഗവുംകൂടാതെ അഭിവൃദ്ധി പ്രാപിച്ചിരുന്നു. തന്റെ സ്രഷ്ടാവിനെ സ്നേഹിക്കുന്നതിനാണ് മനുഷ്യഹൃദയത്തെ സർവ്വേശ്വരൻ നിർമ്മിച്ചതെന്നുള്ള വാസ്തവം ഈ കന്യക നല്ലതിൻവണ്ണം അറിഞ്ഞിരുന്നതിനാൽ നിരൂപണ, വചനം പ്രവൃത്തികളെല്ലാം ദൈവത്തിന്റനേക്കു പരിശുദ്ധ സ്നേഹപ്രകരണങ്ങളായി സമർപ്പിച്ചിരുന്നു. ബുദ്ധിവെച്ച ക്ഷണം മുതൽ ഒടുവിലത്തെ ക്ഷണംവരെ ഈ നിർമ്മല കന്യകയുടെ ജീവിതകാലമെല്ലാം സ്നേഹപ്രകരണങ്ങൾകൊണ്ടു പരിപൂർണ്ണമായിരുന്നു. ഈശോമ്ശിഹാ ഈ മാതാവിൽ അവതരിക്കുംമുമ്പു ഇപ്രകാരമായിരുന്നെങ്കിൽ അങ്ങേ സാന്നിദ്ധ്യത്തിൽ ഈ മാതാവു എപ്രകാരമുള്ള സ്നേഹപ്രകരണങ്ങളെ ചെയ്തിരിക്കണം.

സാക്ഷാൽ സ്നേഹം തന്നെയായിരിക്കുന്ന ഒരു ദൈവത്തിന്റെകൂടെ ഒരേ ഭവനത്തിൽ ഒരുമിച്ചു ജീവിക്കുക തന്നെ ഈ പരമകന്യകയുടെ ഹൃദയത്തെ നിത്യമായ ഒരു സ്നേഹസംഗീതത്തിൽ ലയിപ്പിക്കുവാൻ വേണ്ടുവോളം മതിയായിരുന്നു. ഇങ്ങനെയല്ലാതെ മറിച്ചുവരാനും പാടില്ലായിരുന്നു. വിശുദ്ധ യോഹന്നാൻ ഈശോയുടെ തിരുഹൃദയത്തോടുള്ള അടുത്ത പെരുമാററം നിമിത്തം സ്നേഹശിഷ്യനായി തീരാൻ ഇടയായെങ്കിൽ ഈ സ്നേഹത്തിന്റെ തിച്ചൂളയായ മാതാവിനെപ്പററി എന്തു പറയട്ടേ! അകയാൽ ഈശോമ്ശിഹാ പരിശുദ്ധ മാതാ

വിന്റെ ജീവാത്മാവു തന്നെയായിരുന്നു എന്നു വേണം പറയുവാൻ. കർത്താവിന്റെ നേരെയായിരുന്നു തന്റെ ചിന്ത മുഴുവനും പതിച്ചിരുന്നതു്. മ്ശിഹാ സന്നിഹിതനായിരുന്നപ്പോൾ മാതാവിന്റെ ശ്രദ്ധ മുഴുവനും മ്ശിഹായിൽ ലയിച്ചിരുന്നു. അവിടുന്നു് അകന്നിരുന്ന സമയം മ്ശിഹായോടു പ്രതിയും അവിടുത്തോടുനേക്കുള്ള സ്നേഹം നിമിത്തവും അവിടുത്തെ ഇഷ്ടം സമ്പാദിക്കുന്നതിനായും നിറവേററിയിരുന്നു. ഇതിനാൽ 'ഇനി ജീവിക്കുന്നതു ഞാനല്ല, മ്ശിഹാ അത്രേ എന്നിൽ ജീവിക്കുന്നതു്' എന്നു വിശുദ്ധ പൌലോസ് പറഞ്ഞതു എത്രയോ അധികം വാസ്തവമായിട്ടു ഈ മാതാവിനു പറയാമായിരുന്നു!

ഴ്ാം .2 .ഛ

## വിശുദ്ധ യൌസേപ്പപിതാവ്.

(൩.)

മാർ യൌസേപ്പിന്റെ ഗോത്രം അഥവാ വംശം.

പുരാതനമായ ഒരു മാന്യകുടുംബത്തിൽ ജനിക്ക എന്നതു് ഏവക്കും അഭിമാനകരമായ ഒരു കാൎയ്യമാകുന്നു. ഇങ്ങനെയുള്ള കുടുംബങ്ങളിലെ പൂൎവ്വികന്മാരുടെ സൽക്കീൎത്തിയും ജീവിതമാഹാത്മ്യവും നിലനിൽക്കുന്നുണ്ടെങ്കിൽ അതിനു ഒരു പ്രത്യേകത വേറെയുമുണ്ടു്. എന്നാൽ കുടുംബ ശ്രേഷ്ഠതകൊണ്ടു മാത്രം അതിൽ ജനിക്കുന്നവരെല്ലാവരും യോഗ്യന്മാരായിരിക്കുന്നില്ലെങ്കിലും അതു യോഗ്യതാസമ്പാദനത്തിന്നു സാഹായ്യകരമായിത്തിരുന്നതാണ്. അന്യന്മാരുടെ ബഹുമാനത്തിന്നും വണക്കത്തിന്നും പാത്രീഭവിക്കേണ്ടവർ അവരുടെ കുടുംബശ്രേഷ്ഠതയെപ്പററി അഹംകരിക്കാതെ അങ്ങനെയുള്ള കുടുംബത്തിൽ അവർ ജാതരാകുന്നതിനു തിരുമനസ്സായ സ്രഷ്ടാവിനോടു കൃതജ്ഞതയുള്ളവരായിരിക്കയും തങ്ങൾക്കു ലഭിച്ച ആ വിശേഷാനുഗ്രഹത്തിന്നു തക്കതായ ഫലം അനുഭവിക്കുന്നതിനു സദാ ഉൽസുകരായിരിക്കയും ചെയ്യണം. വിശുദ്ധ ലിഖിതം തന്നെ എക്ലിസിയാസ്റ്റിക്കൂസ് എന്ന പുസ്തകത്തിൽ ശ്രേഷ്ഠകുടുംബങ്ങളിൽ ജനിച്ചിട്ടുള്ളവരെ പുകഴ്ത്തിപ്പറഞ്ഞിരിക്കുന്നു.

നമ്മുടെ നായകനായ മാർ യൌസേപ്പിന്റെ വംശം എത്രയും ഉന്നതവും ശ്രേഷ്ഠവുമാകുന്നുവെന്നു നമുക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. ചിലർ തന്നെ കുലമാഹാത്മ്യരഹിതനായും തഛിദ്ധേന ഒരു നിസ്സാരവേലക്കാരനായും ഗണിക്കുന്നുണ്ടു്. ഇതു കേവലം അവാസ്തവവും അനുചിതവുമാകുന്നെന്നു സന്ദേഹരഹിതമായി അറിയേണ്ടിയിരിക്കുന്നു. ലോകത്തിൽ ഇതരന്മാൎക്കു സംപ്രാപ്യമല്ലാത്തവണ്ണം അത്രമഹോന്നതമാകുന്നു തന്റെ വംശം. ദൈവപുത്രനായ മിശിഹായുടെയും തന്റെ ജനനിയുടെയും കൂടി പരിലസിക്കത്തക്ക നിലയിൽ മഹത്വമുണ്ടായിരിപ്പാൻവേണ്ടി ആ പൂൎവ്വപിതാക്കന്മാരുടേയും മഹാരാജാക്കന്മാരുടേയും കുലത്തിൽ തന്നെയാണു മാർ യൌസേപ്പും ജനിച്ചതു്. ദിവ്യപരിരക്ഷണം മൂലം ഇങ്ങനെയല്ലാതെ വരുന്നതിനും മാൎഗ്ഗമില്ല. വിശുദ്ധ സുവിശേഷത്തിൽ മാർ യൌസേപ്പിന്റെ വംശപാരമ്പൎയ്യം വ്യക്തമായി, കാണാവുന്നതാണ്. വിശുദ്ധ മത്തായി അബ്രാഹം മുതൽക്കു അവരോഹണക്രമത്തിൽ മാർ യൌസേപ്പു വരെ നാല്പതു തലമുറകളേയും വിശുദ്ധ ലൂക്കാ, മാർ യൌസേപ്പു മുതൽ ആരോഹണന്ന ആദം വരെ എഴുപത്തിനാലു തലമുറകളേയും വൎണ്ണിക്കുന്നു. എന്നാൽ വംശം എത്ര പുരാതനമായിരുന്നാലും അതിലുൾപ്പെട്ട മഹത്തുക്കളുടെ സുകൃതവൃത്തികൾ സവിശേഷം പിൻകാലത്തു വിളങ്ങുന്നില്ലായെങ്കിൽ അതിന്റെ മാഹാത്മ്യം പൂൎണ്ണമായിരിക്കയില്ല. മാർ യൌസേപ്പിന്റെ പൂൎവ്വികന്മാരായ അബ്രാഹം, ഇസഹാക്ക്, യാക്കോബ് മുതലായ പിതാക്കന്മാരും, സൊറൊബാബേൽ, ദാവീദ്, സോലമൻ ആദിയായ രാജവീരന്മാരും സുസ്ഥിരമായ മഹിമയെ എന്നേയ്ക്കുമായി സമ്പാദിച്ചവരാണ്. എങ്കിലും ബാബിലോൺ പ്രവാസത്തിനുശേഷം ഈ മഹത്വങ്ങൾ ഒക്കെയും കുറഞ്ഞുവരികയും യ്യൂ

ദായുടെ ചെങ്കോൽ അന്യനായ അസ്കലൺ ഹേറോദസ് കരസ്ഥമാക്കുകയും ചെയ്തു. എന്നുവരികിലും ദാവീദ് വംശത്തിൽനിന്നുമുള്ള യൂദായുടെ രാജാക്കന്മാരുടെ ന്യായമായ പിൻതുടർച്ചക്കാരനും അവകാശിയും മാർ യൌസേപ്പുതന്നേയായിരുന്നു. യാക്കോബിന്റെ പ്രവചനപ്രകാരം മ്ശിഹായുടെ വരവു സമീപിച്ചുവെന്നതിന്റെ ഒരു പ്രത്യക്ഷ ലക്ഷ്യമായി യൂദായുടെ ചെങ്കോൽ അന്യാധീനപ്പെടേണ്ടതുമാണ്. ദൈവത്തിന്റെ തെരിഞ്ഞെടുക്കപ്പെട്ട ജനത്തിൽനിന്നും ഈ അധികാരം പൊയ്പോയത് അക്ഷയരാജ്യമായ തിരുസഭയെ സ്ഥാപിപ്പാൻ വന്ന മ്ശിഹായുടെ സംരക്ഷകനാകേണ്ടിയിരുന്ന മാർ യൌസേപ്പിന്റെ കാലത്താകുന്നു.

യൂദാരാജാക്കന്മാരുടെ ഗോത്രത്തിൽ ജനിച്ചതുകൊണ്ടു മാത്രം യൌസേപ്പിന്റെ മഹിമ മുഴുവനായിരുന്നില്ല. എന്തെന്നാൽ മററു പലരും ഇതേവിധത്തിൽ ഉണ്ടായിരുന്നു. തനിക്കു ഒരു പ്രത്യേകത ഉണ്ടായിരുന്നത്, താൻ ഈ മഹാകുലത്തിന്റെ അവസാനത്തെ ആൾ ആയിരുന്നുവെന്നതാണ്. പരിശുദ്ധ കന്യകയുമായുള്ള തന്റെ വിവാഹബന്ധവും രാജധിരാജനായ മിശിഹായുടെ ജനനവും മൂലം ഈ രാജഗോത്രം അസ്തമിച്ചുപോയി. ഇപ്രകാരം മാർ യൌസേപ്പിന്റെ വംശക്രമത്തിൽ തന്നെ തന്റെ പത്നിയായ മറിയത്തിന്റെയും അവളുടെ പുത്രനായ മ്ശിഹായുടെയും വംശമഹാത്മ്യം അടങ്ങിയിരിക്കുന്നു. യൂദാഗോത്രത്തിൽ ദാവീദിന്റെ വംശത്തിൽനിന്നും മ്ശിഹാ പിറക്കണമെന്നും തന്റെ ജനനി ഏത്രയും പരിശുദ്ധയായ കന്യകയായിരിക്കേണമെന്നും പിതാവായ ദൈവം നിശ്ചയിച്ചിരുന്നു. ഇവരുടെ സംരക്ഷണസ്ഥായി മാർ യൌസേപ്പു തെരിഞ്ഞെടുക്കപ്പെടുകയും ചെയ്തു.

അക്കാലത്ത് എബ്രായ ജനങ്ങൾ സ്ത്രീകളുടെ വംശാവലി എഴുതുക പതിവില്ലായിരുന്നെങ്കിലും വിശുദ്ധ സുവിശേഷകന്മാർ മറിയത്തെപ്പററി ചിലതൊക്കെ വിവരിക്കാതിരിക്കുന്നില്ല. എന്നു തന്നെയല്ല, പുരുഷന്മാർ തങ്ങളുടെ കുലങ്ങളിൽനിന്നു മാത്രമാണ് വിവാഹം കഴിച്ചിരുന്നതു. അവകാശമായി പിതൃസ്വത്തു കിട്ടാനുണ്ടായിരുന്ന സ്ത്രീകൾ അന്യപുരുഷന്മാരോടു ബന്ധപ്പെട്ടാൽ ആ സ്വത്തു ഇതരാധീനമാകുമെല്ലോ എന്നുള്ളതും ഒരു കാരണമായിക്കരുതിയിരുന്നു. അതുകൊണ്ടു പിതൃസ്വത്തിനു ഏകാവകാശിയായിരുന്ന മറിയത്തെ മാർ യൌസേപ്പു വിവാഹം കഴിച്ചതുകൊണ്ടു തന്നെ ഇവർ ഒരേകുടുംബത്തിൽപെട്ടവരാണെന്നു നിഷ്പ്രയാസം അനുമാനിക്കാവുന്നതാണ്. ഇങ്ങനെ മാർ യൌസേപ്പിന്റെ കുടുംബശ്രേഷ്ഠതയിൽനിന്നും പരിശുദ്ധ കന്യകയുടേയും തന്റെ പുത്രനായ മ്ശിഹായുടേയും കുടുംബശ്രേഷ്ഠത വ്യക്തമാകുന്നു. ഇതു മാർ യൌസേപ്പിന്നു അത്യന്തം അഭിമാനകരമായിരിക്കുന്നുവെന്നു വിശേഷാൽ പറയേണ്ടതില്ലല്ലോ. വിശുദ്ധ ബെർണ്ണർദീൻ ദെ സീനാ എന്ന പുണ്യവാൻ ഇങ്ങനെ പ്രസ്താവിക്കുന്നു. "മ്ശിഹായായ ദൈവത്തിന്നു കാലത്തിന്നടുത്ത ശ്രേഷ്ഠത നൽകത്തക്കവണ്ണം മാർ യൌസേപ്പിന്റെ ശ്രേഷ്ഠത അത്രസ്സും ഉന്നതമായിരുന്നു."

മറിയത്തിന്റെ വംശപാരമ്പര്യം തന്റെ ഭർത്താവിന്റെ വംശപാരമ്പര്യത്തിൽനിന്നും ഗ്രഹിക്കാമെന്നു പറഞ്ഞു കഴിഞ്ഞല്ലോ. മിശിഹാ മരിച്ചിട്ടു ഏകദേശം എട്ടു വർഷത്തിന്റെശേഷം, യൂദന്മാരിൽനിന്നും മാനസാന്തരപ്പെട്ട ക്രിസ്ത്യാനികൾക്കുവേണ്ടിയാണ് വിശുദ്ധ മത്തായി തന്റെ സുവിശേഷം എഴുതിയതു്. അബ്രാഹം മുതൽ യൂദാ, ദാവീദ്, സോലമൺ, യക്കോനിയാസ്, മത്താൻ ഇങ്ങനെ കീഴ്പോട്ടാണ് താൻ വംശാവലിയെ വിവരിക്കുന്നതു്. ഈ മത്താൻ യാക്കോബിന്റെ പിതാവാകുന്നു. യാക്കോബ് മാർ യൌസേപ്പിനേയും ജനിപ്പിച്ചു.

വിശുദ്ധ പൌലോസ്ശ്ലീഹായുടെ ഒരു സഹപ്രവർത്തകനായ വിശുദ്ധ ലൂക്കാ മ്ശിഹായുടെ സ്വർഗ്ഗാരോഹണാനന്തരം ഉദ്ദേശം ഇരുപതു വർഷം കഴിഞ്ഞപ്പോഴാണ തന്റെ സുവിശേഷം രചിച്ചതു്. യൌസേപ്പു മുതൽ ആദംവരെ മേല്പോട്ടാണ് താൻ വംശാവലി രേ

ഖപ്പെടുത്തുന്നത്. എന്നാൽ ഈ സുവിശേഷകന്മാരുടെ പ്രസ്താവത്തിൽ ഒരു ഭിന്നതയുണ്ടെന്നു തോന്നിയേക്കാം. അതായതു യാക്കോബ് യൗസേപ്പിനെ ജനിപ്പിച്ചു എന്നു വിശുദ്ധ മത്തായിയും യൗസേപ്പു ഹേലിയിൽനിന്നും ആയിരുന്നു എന്നു വിശുദ്ധ ലൂക്കായും പറയുന്നു. സുവിശേഷകന്മാരുടെ പ്രസ്താവത്തിൽ വൈപരീത്യം ഉണ്ടാകാൻ പാടില്ലെന്നും എന്നല്ല വിശുദ്ധലിഖിതത്തിൽ അല്പംപോലും അവാസ്തവസംഗതി ഉൾപ്പെടുകയില്ലെന്നും നമുക്കു തീർച്ചയായും അറിയാം. അതിനാൽ പ്രഥമദൃഷ്ടിക്കുള്ള ഈ അനൈക്യത്തെപ്പറ്റി അടുത്ത കുറിപ്രസ്താവിച്ചുകൊള്ളാം.

എടുണക്കാട്ടു യൗസേപ്പു കത്തനാർ.

---

## പൂജ്യനായ പത്രോസ് ദെബൊന്ദോ.

(തുടർച്ച)

ഈ പുണ്യാത്മാവിന്റെ സന്ന്യാസജീവിതകാലം— ഉദ്ദേശം അമ്പത്തഞ്ചു വർഷം— അത്ഭുതങ്ങളും അസാധാരണ വരങ്ങളുംകൊണ്ടു പരിപൂർണ്ണമായ ഒന്നായിരുന്നു. അദ്ദേഹത്തിന്റെ സുകൃതാഭ്യാസങ്ങളും അസാമാന്യ ആധ്യാനങ്ങളും പരാക്രമപൂജകളും നോക്കുന്നതായാൽ, പ്രസ്തുത വരങ്ങളുടെ ബാഹുല്യത്തെപ്പറ്റി ഒട്ടും അതിശയിപ്പാനില്ല. ഗോവയിലും തുത്തുക്കുടിയിലും കൊച്ചിയിലും ഈശോസഭക്കാരുടെ വകയായി ഉണ്ടായിരുന്ന കലാശാലാമന്ദിരങ്ങളിൽ ഇദ്ദേഹം പാചകവൃത്തി, അലക്കു, വാതിൽ കാക്കുക എന്നീ ജോലികൾ തുടരെ തുടരെ ഏറ്റു നടത്തിയിരുന്നെങ്കിലും യാതൊരാശ്വാസവും ഇതിനിടക്കു അന്വേഷിക്കുയോ ആഗ്രഹിക്കയോ ചെയ്തു ഉണ്ടായിട്ടില്ല. അത്രയ്ക്കു് ആധ്യാനപ്രിയനും ആത്മത്യാഗതല്പരനും ആയിരുന്നു. വേലയുടെ ആധിക്യം നിമിത്തം പിടിപെട്ടിരുന്ന കഠിനരോഗപീഡകളായിരുന്നു തന്റെ ഏറ്റവും ഇഷ്ടപ്പെട്ട ഉല്ലാസം എന്നു ഇദ്ദേഹം സസന്തോഷം പറഞ്ഞിരുന്നു. കൂടാതെ മറ്റു മഹാപുണ്യവാന്മാരിൽ ചിലക്കു ഉണ്ടായിട്ടുള്ളതുപോലെ ഈ ദൈവശുശ്രൂഷിക്കും നരകശത്രുവിന്റെ ഉപദ്രവങ്ങൾ നിരന്തരമായി ഉണ്ടായിട്ടുണ്ട്. ഈ അന്ധകാരശക്തികൾ അതിഭയങ്കരമായ ഭാഷയിൽ പ്രത്യക്ഷരായി ഇദ്ദേഹത്തെ ഉഗ്രമായി അടിക്കയും പ്രത്യേകം രാത്രിയിൽ നിദ്രയിൽനിന്നു എഴുന്നേറ്റു ദിവ്യകാരുണ്യസന്ദർശനത്തിനായി പോയിരുന്നപ്പോൾ അതികഠിനമായി ഉപദ്രവിക്കയും ചെയ്തു പതിവായിരുന്നു. ഒരിക്കൽ മറ്റാളുകളോടുകൂടി യാത്ര ചെയ്കയിൽ ഏത്രയും ഭയങ്കരരൂപമുള്ള ഒട്ടുവളരെ പടയാളികളും ആനകളും കുതിരകളും ഘോരമായ ശബ്ദം പുറപ്പെടുവിച്ചും വികൃതഗോഷ്ടികൾ കാണിച്ചും ഇവരുടെ നേർക്കു പാഞ്ഞുവന്നപ്പോൾ കൂട്ടരെല്ലാവരും ഭയന്നോടിപ്പോയി. പത്രോസാകട്ടെ നിർഭയനായും പ്രശാന്തനായും അവിടെ നിന്നു. ഇപ്രകാരം ലവലേശം ക്ലേശമില്ലാതെ സുസ്ഥിരമായി നിന്നതിനെപ്പറ്റി മറ്റുള്ളവർ വിസ്മയിച്ചപ്പോൾ ഈ മഹാത്മാവു് പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: "നമ്മെ ഉപദ്രവിക്കുന്നതിനു പിശാചുക്കളെ ദൈവം അനുവദിക്കയില്ലെങ്കിൽ പിന്നെ എന്തിനു നാം ഭയപ്പെടുന്നു? എന്നാൽ താൻ അവക്കു അനുവദിക്കുന്ന പക്ഷം, അവരുടെ ഉപദ്രവത്തിൽനിന്നു ഒഴിഞ്ഞുമാറുന്നതിനു ഞാൻ എന്തിനാണ് ശ്രമിക്കുന്നതു്?" സാക്ഷാൽ ആ ആപത്തിൽ ഈ പുണ്യവാൻ മോക്ഷരാജ്ഞിയെ സഹായത്തിനു വിളിക്കയും അവിടുന്നു തൽക്ഷണം പ്രത്യക്ഷയായി ദുഷ്ടശത്രുക്കളെ ഓടിച്ചുകളകയുമാണുണ്ടായതു്.

പലപ്പോഴും ഇദ്ദേഹത്തിനു എല്ലാം വലിയ കൊഴപ്പമായി തോന്നുകയും ഹൃദയമാസകലം ഇളകി വശാകയും ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെയും സമാധാനവും ആശ്വാസവും വിജയവും പ്രാപിച്ചതു തന്റെ സാധാരണ സങ്കേതമായ ദിവ്യകാരുണ്യ ഈശോയുടെ സന്നിധിയിലായിരുന്നു. ഒരു അവസരത്തിൽ വളരെ അധിക്ഷേപങ്ങളും അപമാനങ്ങളും ഇദ്ദേഹത്തിനു നേരിടുക ഉണ്ടായി. അപ്പോൾ ഉള്ളിൽ അല്പം കലക്കം തോന്നി

യാറെ, ദിവ്യകാരുണ്യ പീഠത്തിന്നു അടുത്തുചെന്നു, സാഷ്ടാംഗം വീണ് ക്ഷമിക്കാനുള്ള വരം തനിക്കു നൽകേണമെന്നു നമ്മുടെ ദിവ്യരക്ഷകനോടു അപേക്ഷിച്ചു. അപ്പോൾ കർത്താവ് ദേഹമാസകലം മുറിവും തോളിൽ ചുവന്ന വസ്ത്രവും കഴുത്തിൽ കയറും കയ്യിൽ ഞാങ്ങണയും തലയിൽ മുൾമുടിയും ധരിച്ചിരിക്കുന്നപ്രകാരം ഇദ്ദേഹത്തിനു പ്രത്യക്ഷനായി, "പാടുകളെ എങ്ങനെ സഹിക്കണം എന്നുള്ളതു മനുഷ്യരെ പഠിപ്പിക്കാൻവേണ്ടി സാക്ഷാൽ ദൈവപുത്രൻ എന്താണ് സഹിച്ചതെന്നു പത്രോസേ! നീ നോക്കുക" എന്നരുളിച്ചെയ്തു. ഇതു കേട്ടു പത്രോസിന്റെ കലക്കമെല്ലാം തൽക്ഷണം നീങ്ങി തന്റെ ദിവ്യഗുരുവിന്നു ഏററം തുല്യനായി തീരുന്നതിലേക്കു ഏതു പാടുകളും ആക്ഷേപങ്ങളും സഹിച്ചുകൊള്ളാമെന്നു നിശ്ചയിക്കയും ചെയ്തു.

പത്രോസിനു ശുദ്ധീകരാത്മാക്കളുടെ നേർക്കുണ്ടായിരുന്ന ഭക്തിയും അനുകമ്പയും അസാമാന്യമായിരുന്നു. ഈ ഭക്തി ഇദ്ദേഹം ഇത്ര വിശേഷവിധിയായി അഭ്യസിപ്പാനിടയായതു് തന്റെ കാവൽമാലാഖായുടെ പ്രേരണ കൊണ്ടായിരുന്നു. തനിക്കു അനേക ജോലികൾ ഉണ്ടായിരുന്നിട്ടും തന്റെ പ്രേമാത്മാക്കളെ വിസ്മരിക്കാതെ ദിവസംപ്രതി അവർക്കുവേണ്ടി ജപമാല അതീവ ഭക്തിയോടെ ജപിക്കുക പതിവായിരുന്നു. എന്നാൽ ഒരു ദിവസം മറവിയാൽ ജപമാല ചൊല്ലാതെ കിടക്കാൻ പോയി. എന്നാൽ മയങ്ങിതുടങ്ങിയ ഉടൻ കാവൽമാലാഖാ ഇദ്ദേഹത്തെ ഉണർത്തി, എന്റെ മകനെ! "ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾ ദിവസംപ്രതിയുള്ള നിന്റെ ധർമ്മസഹായത്തെ പാർത്തിരിക്കുന്നു" എന്നു പറഞ്ഞു. പത്രോസ് വേഗത്തിൽ എഴുന്നേററു പതിവുള്ള ഭക്തികൃത്യം നിറവേററുകയും ചെയ്തു.

[illegible]

---

## കത്തോലിക്കാ ഉപദേശത്തിന്റെ ഒരു വിവരണം.

### ഏഴാം അദ്ധ്യായം.

പാരമ്പര്യം അല്ലെങ്കിൽ കർത്താവിന്റെ എന്നന്നേക്കും നിലനിൽക്കുന്ന വാക്ക് എന്നു വിശുദ്ധ പത്രോസിനാൽ നാമകരണം ചെയ്യപ്പെട്ട അലിഖിതമായ ദൈവവചനം.

ലിഖിതമായ ദൈവ വചനത്തെ കൂടാതെ അലിഖിതമായ ദൈവ വചനവുമുണ്ടെന്ന് കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. ഇതിനെ വിശുദ്ധ വേദത്തിൽ "സംസാരിക്കപ്പെട്ട ദൈവ വചന"മെന്നും (അപ്പ: നടപ്പു: അ: ൪ വാ: ൩൧) "പ്രസംഗിക്കപ്പെട്ട വിശ്വാസത്തിന്റെ വചനം" (റോമ്മാ. അ ൧൦. വാ. ൮) എന്നും "കേൾക്കപ്പെടുകയും പ്രസംഗിക്കപ്പെടുകയുംചെയ്ത സുവിശേഷം" (കോലോ: അ. ൧. വാ. ൨൩) എന്നും, "സ്വീകരിക്കപ്പെടുകയും കേൾക്കപ്പെടുകയും വിശ്വസിക്കപ്പെടുകയും ചെയ്ത ദൈവ വചനം" (൧. തെസ്സലൊ: അ. ൨. വാ. ൧൩) എന്നും മ്ശിഹായുടെ കേൾക്കപ്പെട്ട വചനം" (റോമ്മാ. അ. ൧൦. വാ. ൧൭) എന്നും വിളിച്ചിരിക്കുന്നു.

പുതിയ നിയമത്തിൽ എവിടെയെങ്കിലും ഈശോമ്ശിഹായാലോ തന്റെ ശ്ലീഹന്മാർ മൂലമോ വെളിപ്പെടുത്തപ്പെട്ട ദൈവ വചനത്തെപ്പററി (അതെഴുതിവെയ്ക്കുന്നതിന് മുമ്പ്) പറയുമ്പോൾ അതു് എല്ലായ്പോഴും അലിഖിതമായ ദൈവ വചനത്തെയാണ് ഉദ്ദേശിക്കുന്നതു്.

ദൈവ വചനത്തിന്റെ ഏതാനും ഭാഗം എഴുതിവെയ്ക്കപ്പെട്ടതിന്റെ ശേഷവും, ചില വാക്യങ്ങൾ അലിഖിതമായ ദൈവ വചനത്തെ പ്രത്യക്ഷമായി ഉദ്ദേശിച്ചു പറഞ്ഞിട്ടുണ്ടു്. ഉദാഹരണമായി ശ്ലീ. പത്രോസിന്റെ വാക്കുകളെ നോക്കുക. "എന്നാൽ കർത്താവിന്റെ വചനം എന്നേക്കും നിലനിൽക്കുന്നു. നിങ്ങളോടു പ്രസംഗിക്കപ്പെട്ട വചനം എന്നേക്കും നിലനിൽക്കുന്നു. നിങ്ങളോടു പ്രസംഗിക്കപ്പെട്ട വചനം ഇതാകുന്നു. (൧. പത്രോസ്. അ. ൧. വാ. ൨൫) അതുകൊ

ണ്ടു്, വിശുദ്ധ വേദപുസ്തകത്തിൽ എല്ലാ ഴെങ്കിലും ദൈവവചനമെന്നു് വിശേഷണമൊന്നും കൂടാതെ പറയുമ്പോൾ, അതു് ലിഖിത വചനത്തെ മാത്രം ഉദ്ദേശിച്ചു് പറഞ്ഞവയാണെന്നു എടുത്തുകൂടാ, എന്തുകൊണ്ടെന്നാൽ അതു സാധരണമായി ലിഖിതവും അലിഖിതവും ആയ ദൈവ വചനത്തെ സംബന്ധിക്കുന്നു.

പാരമ്പര്യം എന്നു വെച്ചാൽ വിശ്വാസയോഗ്യമായ തെളിവൊന്നുമില്ലാത്ത വെറും വത്തമാനമൊ കേൾവിയൊ അല്ല. അതുപോലെ തന്നെ നമ്മുടെ കത്താവിനാൽ കുററം വിധിക്കപ്പെട്ട ഫ്രീശന്മാരുടെ പാരമ്പര്യംപോലെ ജനങ്ങൾ പറഞ്ഞുണ്ടാക്കിയതും ചില സ്ഥലങ്ങളെമാത്രം സംബന്ധിക്കുന്നതും തന്നിമിത്തം വെറും മാനുഷികവുമായ ഒരു പാരമ്പര്യവുമല്ല. പിന്നെയൊ, ആദ്യം ദൈവത്തിൽനിന്നു പുറപ്പെട്ടതായും തുടർച്ചയായി പഠിപ്പിച്ചും എഴുതിവെയ്ക്കപ്പെട്ടും പോന്നതായും വിശ്വാസസ്ഥന്മാരായ ഒരു കൂട്ടം ആളുകളാൽ വേണ്ടപ്പെട്ട സകല വിധത്തിലും നശിച്ചുപോകാതെ സൂക്ഷിക്കപ്പെട്ടതായും ഉള്ള ഒരു പാരമ്പര്യമാകുന്നു. ഈ ആളുകൾ ദിവ്യമായും ദിവ്യനിശ്ചയപ്രകാരവും തിരഞ്ഞെടുക്കപ്പെട്ടവരും നല്ലവണ്ണം പഠിപ്പു സിദ്ധിച്ചിട്ടുള്ളവരും, തെററായിട്ടുള്ളതിനെ പഠിപ്പിക്കാത്തവരും, തങ്ങളെ ഏല്പിച്ചിരിക്കുന്ന മതതത്വങ്ങളെ അന്യന്മാക്കു അവിശ്വാസമായി ഏല്പിച്ചുകൊടുക്കാത്തവരും അതിനായി പ്രത്യേക വിധത്തിൽ ദൈവത്താൽ സംരക്ഷിക്കപ്പെട്ടവരുമാകുന്നു.

ഈ പാരമ്പര്യത്തിന്റെ പുറപ്പാടു് എങ്ങനെയെന്നു ശ്ലീ. പൌലോസ് പറയുന്നതിൽനിന്നു ഗ്രഹിക്കാം. "ഞാൻ കൈക്കൊണ്ടതിനെ തന്നെ നിങ്ങൾക്കു ആദ്യമായി ഏല്പിച്ചു" (൧. കോറന്ത്യ. അ. ൧൫. വാ. ൩) ശ്ലീ. തീമോത്തിയോസിനു് ശ്ലീ. പൌലോസ് ഇപ്രകാരം എഴുതുന്നു:— നീ അനേക സാക്ഷികളുടെ മുമ്പിൽവെച്ചു് എന്നിൽനിന്നു കേട്ടതെല്ലാം മററുള്ളവക്കു ഉപദേശിക്കാനായി അതുകളെ സമത്ഥന്മാരായ വിശ്വാസസ്ഥന്മാരെ ഏല്പിക്കുക" (൨ തിമൊത്തി. അ. ൨ വാ. ൨)

വിശുദ്ധ വേദപുസ്തകവും മേൽവിവരിക്കപ്പെട്ട പാരമ്പര്യവും ദൈവ വചനങ്ങളാകുന്നു. ആദ്യത്തേതു് ദിവ്യാവേശ മനുഷ്യരാൽ എഴുതപ്പെട്ടതാകുന്നു. മറേറതു് ഭൂമിയിൽവച്ചു് തന്റെ ദിവ്യാധരങ്ങളിൽനിന്നു വീണതൊ, അല്ലെങ്കിൽ ന്യായമായ പിന്തുടർച്ചക്കാക്കു തന്റെ ദിവ്യസംരക്ഷണയിൻ കീഴ തുടർച്ചയായി കൊടുക്കേണ്ടതിന്നായി, ഒരു മനുഷ്യന്റെയൊ ഒരു കൂട്ടം ആളുകളുടെയൊ മനസ്സിൽ റൂഹാദക്കുദശായാൽ ആവേശിക്കപ്പെട്ടതൊ ആകുന്നു. റൂഹാദക്കുദശായുടെ ആവേശത്താൽ തങ്ങളുടെ ന്യായമായ പിന്തുടർച്ചക്കാക്കു ശ്ലീഹന്മാർ ഏല്പിച്ചുകൊടുത്ത ചില വേദസത്യങ്ങളെപ്പററിയത്രേ ഇവിടെപ്പറയുന്നതു്. അതുകൊണ്ടു് ഈ ദിവ്യവചനങ്ങളിൽ ഏതെങ്കിലുംഒന്നിനെ നിഷേധിക്കുന്നതായാൽ അവിശ്വാസമെന്ന പാപത്തിൽ ഉൾപ്പെടുന്നതാണു്.

ശ്ലീ. അഗ്രേം ഇപ്രകാരം പറയുന്നു: 'എഴുത്തുമൂലമൊ, വചനംമൂലമൊ ലഭിക്കപ്പെട്ടിരിക്കുന്നതെല്ലാം നമുക്കു ആയുസ്സു കിട്ടണമെന്നും അതു ധാരാളമായി ഉണ്ടാകണമെന്നും ഉള്ള ഉദ്ദേശ്യത്തോടുകൂടിയതാണെന്നു്, ഒരഭിപ്രായമായിട്ടല്ല, പിന്നെയൊ ഒരു സത്യമായിട്ടുതന്നെ ഉറപ്പായി വിശ്വസിച്ചുകൊള്ളുക.' (Vol. III. Sermo. lix.)

ശ്ലീ. ബസ്സേലിയോസ് ഇങ്ങനെ പറയുന്നു— 'സഭയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന മതതത്വങ്ങളിലും ഉപദേശങ്ങളിലും വെച്ചു് ചിലതു എഴുതപ്പെട്ടതും മററു ചിലതു ശ്ലീഹന്മാരുടെ പാരമ്പര്യംമൂലം നമുക്കു രഹസ്യമായ വിധത്തിൽ ലഭിച്ചതുമാകുന്നു. നിമ്മലമായ മതതത്വങ്ങളെ കാട്ടിത്തരുന്നതിൽ രണ്ടിനും തുല്യശക്തിയുണ്ടു്. പള്ളിപ്രമാണങ്ങളെപ്പററി അല്പമെങ്കിലും വിവരമുള്ള യാതൊരുത്തനും ഇതിൽ യാതൊന്നിനേയും എതൃത്തു പറയുന്നതല്ല. എഴുതപ്പെടാത്ത ആ പാരമ്പര്യാചാരങ്ങൾക്കു തക്കതായ പ്രമാണ്യം ഇല്ലെന്നു പറഞ്ഞു തള്ളുന്നതിനു നാം ശ്രമിച്ചാൽ പ്രധാന സംഗതികളിൽ സവിശേഷം നാമമാത്രമുള്ള ഒന്നാണെന്നു പ്രസ്താവിക്കുന്നതായും തെളിയുന്നതാണു'. (Vol. III. 'De Spiritu

San: CXXVII) ഈ ദിവ്യപാരമ്പര്യം മനുഷ്യരുടെ വ്യാജത്താലോ വീഴ്ചയാലോ തെററാനിടയില്ലാത്തതാകുന്നു. എന്തുകൊണ്ടെന്നാൽ അതിനു ദിവ്യ സംരക്ഷണ ഉണ്ടായിരിക്കുന്നു. അതായത്, ഈ പാരമ്പര്യം നശിക്കാതെ സൂക്ഷിക്കുകയെന്നുള്ള ജോലിയോടു കൂടിയ ആളുകൾ തെററായിട്ടുള്ളതു പഠിപ്പിക്കാതിരിക്കാൻ ദിവ്യസംരക്ഷണ ലഭിച്ചവരാകുന്നു. സഭയെ ഉദ്ദേശിച്ചു പറഞ്ഞിട്ടുള്ളതെന്നു പ്രോട്ടസ്റ്റാൻറുകാർ കൂടി സമ്മതിക്കുന്ന താഴെ പകർത്തുന്ന ഏശയ്യാ ദീഘദശിയുടെ പുസ്തകത്തിലെ ഒരു ഭാഗത്തിൽനിന്നു ഇതു തെളിയുന്നുണ്ടു. അതിൽ ഇങ്ങനെ ദൈവം പറയുന്നു:– “അവരോടുള്ള എൻെറ ഉടമ്പടി ഇപ്രകാരമാകുന്നു. നിന്നിലുള്ള എൻെറ അരൂപിയും നിൻെറ വായിൽ ഞാൻ ആക്കീട്ടുള്ള വചനങ്ങളും നിൻെറ വായിൽനിന്നോ നിൻെറ സന്തതിയുടെ വായിൽനിന്നോ നിൻെറ സന്തതിയുടെ സന്തതിയുടെ വായിൽനിന്നോ ഇന്നുമുതൽ ഒരിക്കലും വിട്ടുപോകുന്നതല്ല.” (ഏശയ്യാ അ. ൫൯. വാ. ൨൧) ശ്ലീ. യോഹന്നാൻെറ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന വാക്യങ്ങളിൽനിന്നും ഇതു് തെളിയുന്നുണ്ടു:– “ഞാൻ എൻെറ പിതാവിനോടു ചോദിക്കും; എന്നേക്കും നിങ്ങളോടുകൂടെ വസിപ്പാനുള്ള സത്യാരൂപിയായ മറെറാരു ആശ്വാസപ്രദനെ താൻ നിങ്ങൾക്കു തരും..... എന്നാൽ സത്യാരൂപി ആയ അയാൾ വരുമ്പോൾ സകല സത്യത്തേയും നിങ്ങളെ പഠിപ്പിക്കും.” (ശ്ലീ. യോഹ. അ. ൧൪. വാ. ൧൬. ൧൭.) (വീണ്ടും അ. ൧൬. വാ. ൧൩) അതുകൊണ്ടു ശ്ലീ. ഇറനെയൂസ് ഇപ്രകാരം പറയുന്നു:– “സഭ എവിടെയുണ്ടോ അവിടെ ദൈവാരൂപിയും ഉണ്ടു. ദൈവാരൂപി എവിടെയുണ്ടോ അവിടെ സഭയും എല്ലാ ദിവ്യനന്മകളും ഉണ്ടു. സത്യത്തിൻെറ അരൂപിയും അവിടെ തന്നെ. (Against Heresies, Vol. III. c. XXIV.)

പ്രായം ചെന്ന ഒരു ക്രിസ്ത്യാനിക്കു കൂടിയേ മതിയാവു എന്ന അടിസ്ഥാനപ്പെട്ട്യമായ വിശ്വാസം, ദൈവത്താൽ അയക്കപ്പെടുകയും തന്നാൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ പ്രസംഗിക്കാൻ നിയോഗിക്കപ്പെടുകയും ചെയ്ത ആളുകളാൽ പ്രസംഗിക്കപ്പെട്ട ദൈവവചനത്തോടു നമ്മുടെ മനസ്സിനുള്ള ഒരു പൂണ്ണസമ്മതമാകുന്നു. ഇതിൽനിന്നു കൂടി അലിഖിതമായ ജീവകവചനത്തെ വിശ്വസിക്കേണ്ട ആവശ്യകത വെളിപ്പെടുന്നു. ഇങ്ങനെ നിയോഗിച്ചയക്കുന്ന ദൈവമാകട്ടെ അതിരററ ജ്ഞാനത്തോടും സത്യത്തോടും മഹിമയോടും കൂടിയവനും ചതിക്കുന്നതിനോ ചതിക്കപ്പെടുന്നതിനോ കഴിയാത്തവനും ആകുന്നു. അതുകൊണ്ടാണ് ‘വിശ്വാസം കേൾവിയാൽ ഉണ്ടാകുന്നു’ എന്നു് ശ്ലീ. പൌലോസ് പറയുന്നതു്. (റോ. അ. ൧൦. വാ. ൧൭) അതായതു്: അതിനെ കേൾക്കയും വിശ്വസിക്കയും ചെയ്യുന്ന ആളുകൾക്കുവേണ്ടി ശ്ലീഹന്മാരാലും അവരുടെ ന്യായമായ പിൻതുടർച്ചക്കാരാലും പ്രസംഗിക്കപ്പെട്ട ദൈവവചനത്താൽ അത്രേ വിശ്വാസമുണ്ടാകുന്നതു്. ഈ ശ്ലീഹാ തന്നെ പിന്നെയും പറയുന്നതായതു്:– “ഒരു പ്രാസംഗികനെ കൂടാതെ അവർ എങ്ങനെ കേൾക്കും. അയക്കപ്പെടാതെ അവർ എങ്ങനെ പ്രസംഗിക്കും.” (റോമ്മ. അ. ൧൦. വാ. ൧൪. ൧൫) ന്യായമായും ദിവ്യനിശ്ചിതമായ അധികാരത്താലും അയക്കപ്പെടുക എന്നു പറഞ്ഞാൽ ദൈവത്താൽ അയക്കപ്പെടുന്നു എന്നു അത്ഥമാകുന്നു. (ശ്ലീഹ. നടപ്പു. അ. ൧൩. ൪.)

[illegible]

## വിശുദ്ധ പത്രിസ്സിയുടെ ജീവചരിത്രം.

(തുടർച്ച.)

നമ്മുടെ വിശുദ്ധൻ കോനോട്ടു പ്രദേശത്തിൽനിന്നു പ്രയാണം ചെയ്തു ഡോനേകൽ എന്ന സ്ഥലത്തേക്കാണ്. അവിടെ കുറെ അധികം നാൾ വസിച്ചശേഷം ഇപ്പോൾ ലോഡഡ്ജ്ഗ് എന്നു പറയപ്പെടുന്ന തടാകത്തിലുള്ള ഒരു ദ്വീപിലേക്കു പോയി അവിടെ വിസ്മയനീയമായ തപഃകൃത്യങ്ങൾ ന

ടത്തിയിരുന്നു. ജപധ്യാനങ്ങൾ കൊണ്ടും ഉപവാസംകൊണ്ടും കട്ടപ്പമുള്ള വെറും പാറമേൽ കിടന്നു നിദ്ര കഴിച്ചുകൊണ്ടും തന്റെ ശരീരത്തെ പീഡിപ്പിച്ചിരുന്നു. ഇതിനാലാണ് ഐറീഷ് ജനങ്ങൾ പ്രസ്തുത തടാകത്തിലേക്കു മഹാ പൂജ്യതയോടും ആചാരവണക്കങ്ങളോടുംകൂടെ പ്രതിവഷം തീത്ഥയാത്ര കഴിക്കുന്നതു്. വി. പത്രീസ്സി വീണ്ടും വടക്കോട്ടുതന്നെ പ്രയാണം ചെയ്തു് എയിലിർച്ച എന്ന സ്ഥലത്തെത്തി. പൂവ്വകാലത്തിൽ അൾസ്റ്ററിലെ രാജാക്കന്മാർ ഈ സ്ഥലത്താണ് വസിച്ചിരുന്നതു്. അക്കാലത്തുണ്ടായിരുന്ന രാജാവും അയാളുടെ ബന്ധുമിത്രങ്ങളും വി. പത്രീസ്സിയുടെ പ്രസംഗങ്ങൾ നന്മനസ്സോടെ കേൾക്കുകയും അവരെല്ലാവരും ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു. നമ്മുടെ വിശുദ്ധൻ രാജാവിന്നും അയാളുടെ ഇരുപുത്രന്മാക്കും തന്റെ പ്രത്യേക ആശീവ്വാദങ്ങളെ നൽകി. അനന്തരം ആ സ്ഥലം വിട്ടു, ട്ടിറാൻ, മോനാഗാൻ, ലോത്തു്, എന്ന പ്രദേശങ്ങളിൽക്കൂടെ സഞ്ചരിച്ചിരുന്ന എല്ലാ സ്ഥലങ്ങളിലും ജനങ്ങളോടു പ്രസംഗിക്കയും അവക്കു ജ്ഞാനസ്നാനം കൊടുക്കുകയും ദേവാലയങ്ങളെ സ്ഥാപിക്കയും ചെയ്തിട്ടുണ്ടു്.

മോനാഗാൻ പ്രദേശത്തിലുള്ള ഡോനഗ്മോയൻ എന്ന സ്ഥലത്തെ ദേവാലയവും ന: വിശുദ്ധൻ സ്വപ്രയത്നത്താൽ സ്ഥാപിച്ചതാണെന്നു ഒരു പാരമ്പയ്യസംസാരമുണ്ടു്. ഒടുവിൽ താൻ ഡബ്ളിൻ പട്ടണത്തിൽ പ്രവേശിക്കയിൽ അവിടെ വാണിരുന്ന രാജാവിന്റെ കുമാരൻ മരിച്ചിട്ടു ഏറെനാൾ കഴിഞ്ഞിരുന്നില്ല. അധികതാമസംകൂടാതെ രാജകുമാരിയും ജലത്തിൽ വീണ് മരിച്ചുപോയി. ഇതിനാൽ ആകുലചിന്തനായി ഭവിച്ചിരുന്ന ആ രാജാവിനു വി. പത്രീസ്സിയുടെ ആഗമനം വളരെ സന്തോഷത്തിനും ശരണത്തിനും കാരണമായി. രാജാവ് തന്റെ സകല പ്രജകളോടുംകൂടെ നമ്മുടെ വിശുദ്ധനെ സ്വീകരിക്കുന്നതിനായി എതിരേ ചെന്നു്, അദ്ദേഹത്തിനു വന്ദനം പറഞ്ഞു. വി. പത്രീസ്സി ചെയ്തിരുന്ന അത്ഭുതങ്ങളുടെ കീത്തിഎങ്ങും പരന്നതിനാൽ, രാജാവ് അദ്ദേഹത്തോടു ഇപ്രകാരം അറിയിച്ചു. "അവിടുന്നു എന്റെ മക്കളെ പുനജ്ജീവിപ്പിക്കുന്നതായാൽ ഞാനും എന്റെ സകല പ്രജകളും സുവിശേഷം സ്വീകരിക്കാം," നമ്മുടെ വിശുദ്ധൻ പതിവനുസരിച്ച് ദീഘജപങ്ങളാൽ ദൈവത്തോടു പ്രാത്ഥിച്ചതിന്റെ ഫലമായി രാജകുമാരനും രാജകുമാരിയും പുനജ്ജീവിച്ചു. ഇതുകണ്ടു രാജാവും ജനസമൂഹം മുഴുവനും വി. പത്രീസ്സി പ്രസംഗിച്ചിരുന്ന സത്യവിശ്വാസത്തെ സ്വീകരിക്കുകയും അവരെല്ലാവരും ഇപ്പോൾ വി. പത്രീസ്സിയുടെ കിണറു എന്നു സുപ്രസിദ്ധമായ സ്ഥലത്തുവെച്ചു ജ്ഞാനസ്നാനം കൈക്കൊള്ളുകയും ചെയ്തു. ഈ കിണറു ഡബ്ളിൻപട്ടണത്തിലുള്ള വി. പത്രീസ്സിയുടെ ബ്രഹ്മാണ്ഡമായ മെത്രാസനദേവാലയത്തിന്റെ സമീപമാണ് സ്ഥിതി ചെയ്യുന്നതു്.

വി. പത്രീസ്സി ഡബ്ളിനിൽനിന്നു നാസ് എന്ന സ്ഥലത്തു വരികയും അവിടെ ദീഘനാൾ താമസിച്ചതിനിടയ്ക്കു അനേക ജനങ്ങളെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. ആ കൂട്ടത്തിൽ അവിടത്തെ രാജാവിന്റെ രണ്ടു പുത്രന്മാരും ഉണ്ടായിരുന്നു. തദനന്തരം നമ്മുടെ വിശുദ്ധൻ അനേക പ്രദേശങ്ങളിൽ ചുറ്റിസ്സഞ്ചരിക്കയും വേദം പ്രസംഗിക്കയും ചെയ്തശേഷം മൻസ്റ്ററിലെ രാജധാനിയായ കാഷെൽ എന്ന പട്ടണത്തിൽ വന്നുചേന്നു. വിഗ്രഹാരാധനയുടെ ഒരു കേന്ദ്രസ്ഥാനവും ഇതുതന്നെ ആയിരുന്നു. വി പത്രീസ്സി പട്ടണത്തോടു അടുത്തുവരികയിൽ, അവിടെ വണങ്ങപ്പെട്ടിരുന്ന കള്ളദേവന്മാരുടെ വിഗ്രഹങ്ങൾ താഴെ വീണു എന്നൊരു ഐതിഹ്യം ഉണ്ടു. ഇതറിഞ്ഞു രാജാവും സവ്വജനങ്ങളും വി. പത്രീസ്സിക്കെതിരേ ചെന്നു വളരെ ബഹുമതിയോടെ അദ്ദേഹത്തെ സ്വീകരിച്ചു. അപ്പോൾ നമ്മുടെ വിശുദ്ധൻ കേമമായ ഒരു പ്രസംഗം ചെയ്കയും തൽഫലമായി രാജാവു ജ്ഞാനസ്നാനം കൈക്കൊള്ളുകയുമുണ്ടായി. ദീഘനാൾ മേൽപറഞ്ഞ പട്ടണത്തിൽ വസിച്ചശേഷം അദ്ദേഹം ടപ്പരറി, വാട്ടർഫോർഡ് എന്ന പ്രദേശങ്ങളിൽക്കൂടി പ്രയാണം ചെയ്തു്, ലീമരിക്ക് എന്ന രാജ്യത്തേക്കു വന്നു. വി. പത്രീസ്സി അവിടെ സത്യവേദം പ്രസംഗിക്കയിൽ ഒരു ദിവസം കുള്ളൻ എന്ന സ്ഥലത്തുവെച്ചു കാട്ടുപന്നികളാൽ കൊല്ലപ്പെട്ട ഒരു സാധുബാലന്റെ മൃതശരീരം കാണുന്നതിന്നിടയായി. വി. പത്രീസ്സി ആ കുട്ടിയേയും മഹാ ദുഃഖത്തോടെ കരഞ്ഞിരുന്ന അവന്റെ പിതാവിനേയും കണ്ടു സഹതാപം തോന്നി, തന്റെകൂടെ ഉണ്ടായിരുന്ന വൈദികരിൽ ഒരുവനോടു ആ കുട്ടിയെ പു

നജ്ജീവിപ്പിക്കുന്നതിന്നു ആജ്ഞാപിച്ചു. എന്നാൽ മാലാക്ക് എന്നു പേരായ ആ പട്ടക്കാരനു ദൈവ വല്ലഭത്തിന്മേൽ പൂൎണ്ണവിശ്വാസമില്ലാഞ്ഞതിനാൽ വിസമ്മതം കാണിച്ചു. ഉടനെ വി. പത്രീസ്സി കൂടെ ഉണ്ടായിരുന്ന വേറെ രണ്ടു വൈദികരോടു കുട്ടിയെ പുനജ്ജീവിപ്പിക്കുന്നതിന്നു കല്പിക്കയും അവർ ആജ്ഞാനുസരണം ആയതു് നിവൎത്തിക്കയും ചെയ്തു. എങ്ങിനെ എന്നാൽ, നമ്മുടെ വിശുദ്ധൻ ഇരുപട്ടക്കാരുടെ മദ്ധ്യത്തിൽ മുട്ടുകുത്തിക്കൊണ്ടു മൂവരുമൊരുമിച്ചു ദൈവത്തോടു പ്രാൎത്ഥിച്ചു. തൽസമയം വിസ്മയം! മരിച്ചിരുന്ന കുട്ടി പൂൎണ്ണസുഖത്തോടെ ഉയിൎത്തെഴുന്നീറ്റു! സത്യവേദം അനുസരിക്കുന്നതിനു വളരെ വിസമ്മതം കാണിച്ചിരുന്ന ആ കുട്ടിയുടെ പിതാവു തൽക്ഷണം ജ്ഞാനസ്നാനം സ്വീകരിച്ചു. തദനന്തരം വി പത്രീസ്സി വളരെ ഭംഗിയുള്ള ഒരു ചെറിയ പൎവ്വതത്തിനു സമീപെയാണു ചിരകാലം വസിച്ചതു്. എന്നാൽ അവിടത്തെ അധികാരി ഒരു ദേവാലയം സ്ഥാപിക്കുന്നതിന്നു നമ്മുടെ വിശുദ്ധനു അനുമതി നൽകിയില്ല, എന്നു മാത്രമല്ല തന്നെ വിവിധ സങ്കടങ്ങൾ അനുഭവിപ്പിക്കയും ചെയ്തു. ആ ദേശപ്രമാണി തന്റെ ദുശ്ശാഠ്യത്തിൽതന്നെ സ്ഥിരമായി നിന്നെങ്കിലും ഒടുവിൽ വി. പത്രീസ്സി അയാളോടു "നീ സമ്മതിച്ചില്ലെങ്കിലും ഇവിടെ ഒരു ദേവാലയം നിസ്സംശയം സ്ഥാപിതമാകും" എന്നു പറഞ്ഞു. അപ്രകാരം തന്നെ അധിക കാലതാമസംകൂടാതെ അവിടെ ഒരു ദേവാലയവും സന്ന്യാസാശ്രമവും സ്ഥാപിക്കപ്പെടുകയുണ്ടായി.

ഒരിക്കൽ നമ്മുടെ വിശുദ്ധൻ നോക്കെ എന്ന സ്ഥലത്തുവെച്ചു ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കയിൽ, കുറെ ആളുകൾ തന്റെ പക്കൽ വന്നു കലഹമുണ്ടാക്കുകയും ബലാൽക്കാരമായി ഭക്ഷണപദാൎത്ഥങ്ങൾ കൊടുക്കണമെന്നു ആവശ്യപ്പെടുകയും ചെയ്തു വി. പത്രീസ്സി സമാധാനമായിരിപ്പാൻ അവരോടപേക്ഷിച്ചു. എങ്കിലും അവർ അതിനെ ഒട്ടും ഗണ്യമാക്കിയില്ല. അപ്പോൾ അവിടെയുണ്ടായിരുന്ന അതിഭക്തനായ ഒരു ബാലൻ അവൎക്കു സംപൂൎണ്ണമാകത്തക്കവണ്ണം ഭക്ഷണം കൊടുത്തു. വി. പത്രീസി ഈ ബാലനെ അഭിനന്ദിച്ചു അവനു തന്റെആശീൎവ്വാദം നൽകി. ഈ വിശുദ്ധൻ നീസാൽ ആകുന്നു എന്നാണുപറയപ്പെടുന്നതു്. നമ്മുടെ വിശുദ്ധൻ കിൽമാളോക്കു എന്ന സ്ഥലത്തു ഒരു ദേവാലയം സ്ഥാപിച്ചതിന്റെ ശേഷം സമീപെ ഉണ്ടായിരുന്ന ആർഡ് പാത്രിക്കു എന്നു പറയപ്പെടുന്ന അതിമനോജ്ഞമായ ഒരു കുന്നിൽ താമസിച്ചു ഉപവസിക്കുന്നതിനും പ്രാൎത്ഥിക്കുന്നതിനും വേണ്ടി അതിന്റെ ഉച്ചിയിലേക്കു കയറി. ഇവിടെ അദ്ദേഹം അനേകം പ്രാവശ്യം ദിവ്യ പൂജ അൎപ്പിക്കയും ജനങ്ങളോടു സുവിശേഷം പ്രസംഗിക്കയും ചെയ്തിട്ടുണ്ടു്.

വിശുദ്ധ പത്രീസ്സിയുടെ തിരുനാൾ ഈ മീനമാസം ൪-ാംതീയതി ആകയാൽ ഇതിനു സന്നദ്ധമാകുന്നതിനുള്ള ഒരു നവനാൾ ജപം താഴെ ചേൎക്കുന്നു:—

ഇതു മീനം ൨-ാംനു ആണു തുടങ്ങുന്നതു്. "സ്വീകരിക്കുന്നതിന്നും തദനന്തരം അതിൽ സ്ഥിരമായി നിലനിൽക്കുന്നതിനുമുള്ള വരപ്രസാദങ്ങളെ ധാരാളമായി വൎഷിക്കേണമെ. മിതമില്ലായ്മ എന്ന ഭയങ്കര ദുൎഗ്ഗുണത്തേയും അതിലേക്കു ഞങ്ങളെ ആകൎഷിക്കുന്ന എല്ലാ ദുൎവ്യാപാരങ്ങളേയും പാടെ നശിപ്പിക്കുന്നതിനു ഞങ്ങളെ സഹായിക്കേണമെ. പാപത്തിനു വിരോധമായി പോരാടിക്കൊണ്ടിരിക്കുന്ന എല്ലാ ആത്മാക്കളേയും നിന്റെ ബലമുള്ള മാദ്ധ്യസ്ഥം വഴിയായി ആശ്വസിപ്പിക്കേണമെ. മുഖ്യമായി മരണസമയത്തുണ്ടാകുന്ന പൈശാചിക തന്ത്രങ്ങളിൽ നിന്നു ഞങ്ങളെ നീ രക്ഷിക്കേണമെ. അപ്പോൾ ഈശോ മറിയം യൌസേപ്പ എന്ന തിരുനാമത്തോടുകൂടെ നിന്റെ പരിശുദ്ധ നാമത്തേയും കൂടി ചൊല്ലുന്നതിന്നുള്ള ഭാഗ്യം ഞങ്ങൾക്കു നീ ലഭിച്ചുതരേണമെ. കടശിയായി ഈ ലോകത്തെ വിട്ടു പിരിയുകയിൽ നിന്നോടും മറ്റു സകല വിശുദ്ധന്മാരോടും കൂടെ പരിശുദ്ധ ത്രിത്വത്തെ സ്തുതിച്ചാരാധിക്കുന്നതിനായി നീ ഞങ്ങളെ മോക്ഷത്തിലേക്കു കൂട്ടിക്കൊണ്ടുപോകണമെ. ൻ. ന. ഫ ത്രി.

ഈശോമ്ശിഹായുടെ പറഞ്ഞൊപ്പുകൾക്കു ഞങ്ങൾ യോഗ്യരാകുവാൻ,

ഭാഗ്യപ്പെട്ട വി. പത്രീസ്സിയെ! ഞങ്ങൾക്കു വേണ്ടി അപേക്ഷിക്ക.

പ്രാൎത്ഥിക്ക.

ഇതരമതക്കാരുടെ ഇടയിൽ സത്യവേദം പ്രസംഗിച്ചു നിന്റെ സ്തുതി വൎദ്ധിപ്പിക്കുന്നതിന്നായി വി. പത്രീസ്സിയെ യാത്രയാക്കിയ കരുണാനിധിയായ സൎവ്വേശ്വരാ! അദ്ദേഹത്തിന്റെ യോഗ്യതകളും മാദ്ധ്യസ്ഥവും വഴിയാ

യി നിന്റെ തിരുമനസ്സിനെ ഏറ്റം പൂർണ്ണമായ വിധത്തിൽ ചെയ്യുന്നതിന്നു ഞങ്ങളെ യോഗ്യരാക്കണമെന്നു ഞങ്ങളുടെ കർത്താവീശോമ്ശിഹായുടെ തിരുമുഖത്തെക്കുറിച്ചു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

൧൧൦൨. ൨. ൫

## കുടുംബങ്ങളെ ഈശോയുടെ തിരുഹൃദയത്തിന്നു പ്രതിഷ്ഠിക്കുക.

ഈ നൂതന ഭക്തികൃത്യത്തെപ്പറ്റി കുസുമത്തിൽ ഒന്നിലധികം പ്രാവശ്യം പ്രസിദ്ധീകരിച്ചിട്ടുള്ളതാകുന്നു. ഈ ഭക്തിയിലേക്കു വിശ്വാസികൾക്കു ഒരു പ്രത്യേക ആകർഷണം കാണുന്നുണ്ടു. "കുടുംബപ്രതിഷ്ഠ" എന്ന ചെറുപുസ്തകത്തിന്റെ ആദ്യത്തെ പതിപ്പു സ്വല്പകാലത്തിനുള്ളിൽ തീർന്നുപോയതിൽനിന്നു ഈ ഭക്തിയിൽ ജനങ്ങൾക്കുള്ള തീക്ഷ്ണത വെളിപ്പെടുന്നു. വീണ്ടും ഈ പുസ്തകം അച്ചിൽ പതിച്ചിരിക്കുന്നു. മൂന്നര ചക്രം വിലയുള്ള ഈ പുസ്തകം മാന്നാനനത്തു സെൻറ് ജോസഫ്സ് പ്രസിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്. ഈശോയുടെ തിരുഹൃദയത്തിന്നു പ്രതിഷ്ഠിക്കപ്പെടുന്ന കുടുംബങ്ങളുടേയും സ്ഥാപനങ്ങളുടേയും പേരുകൾ പറലിമോനിയൻ ആശ്രമത്തിൽ, ഭാഗ്യവതിയായ മർഗ്ഗരീത്താ മറിയം അലക്കോക്ക് താമസിച്ചിരുന്ന മുറിയിൽ സൂക്ഷിക്കപ്പെടുകയും അവർക്കായി പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെടുകയും ചെയ്യുന്നുണ്ടെന്നും, പ്രതിഷ്ഠിതങ്ങളായ കുടുംബങ്ങളുടെ പേരുകൾ എന്റെ മേൽവിലാസത്തിൽ എഴുതി അയച്ചാൽ, പറലിമോനിയൻ ആശ്രമത്തിൽ എത്തിച്ചുകൊടുക്കുന്നതാണെന്നും അറിവിച്ചിട്ടുള്ളതാണല്ലോ. ചിലർ വളച്ചുകെട്ടി പല സംഗതികളും എഴുതി അയച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇടവക, വീട്ടുപേർ, കുടുംബത്തലവന്റെ പേർ, തീയതി ഇങ്ങനെ നാലു സംഗതികൾ മാത്രമേ എഴുതി അയക്കേണ്ടതുള്ളൂ.

ക. നി. മൂ. സ. യോഹന്നാൻപട്ടക്കാരൻ,
മുത്തോലി, പാലാ.

## സ്ലീവാപ്പാതപ്രത്യുജപം.

ആദ്യാപേക്ഷ.

ശ്രീദിവ്യാദിവ്യനാകും കൃപയുടെകടലാ
മേശുവേ! താരകാ! നിൻ
പാദത്തേഞങ്ങളോത്താപ്പദമലരിണയിൽ
വീണിതാകുമ്പിടുന്നേൻ
ആദത്തിൻവീഴ്ചയാൽ നീ നരകുലമതിനായ്
പെട്ടപാടിന്നു ഞങ്ങൾ
ചേതസ്സിൽ ചിന്തചെയ്യാകുരിശിന്റടെവഴി
ക്കായ് ഗമിപ്പാൻ തുണയ്ക്കു.

ഒന്നാം സ്ഥലം.

മാലിന്യംലേശമേശാപ്പരന്റടെസുതനാ
മേശുവേ! നിന്റെ മേലാ—
പീലാത്തോസ് ചെയ്തതീർപ്പിൻസ്മരണയൊടുവയം
നിൻപദംകുമ്പിടുന്നേൻ
കാളുംതീച്ചൂളെഞങ്ങൾ തവകൊടുവിധിയാൽ
സന്തതം വെന്തിടാപ്പാ—
നീലോകേപാപമാർഗ്ഗം വിരവൊടുവിടുവാൻ
നൽവരം നൽകണം നീ.

രണ്ടാം സ്ഥലം.

"നല്ലായ"ന്നൊത്തനാഥാ! നരഗണമഖിലം
ചെയ്തോരാപ്പാപഭാര—
മെല്ലാം ചേർന്നേകമാംവൻകുരിശൊടുവരുമീ,
നിൻപദം കുമ്പിടുന്നേൻ
വല്ലാത്തോരായ ഞങ്ങൾക്കവനിയിലുളവാം
ശോകഭാരങ്ങളെല്ലാം
പൊല്ലാപ്പില്ലാതെ നിത്യം ക്ഷമയൊടനുഭവി
ച്ചീടുവാൻ നീ തുണയ്ക്കു.

മൂന്നാം സ്ഥലം.

കർത്താവേ! ക്രൂശൊടാദ്യംകഠിനഹൃദയരിൻ
പാപഭാരത്തിനാൽ നീ
ധപീമേൽവീണതൊത്തിന്നടിയരതുലമാം.
നിൻപദംകുമ്പിടുന്നേൻ
ചിത്തേതാപത്തിനാലീയടിയരിതുവരെ
ചെയ്തപാപംവെറുത്തി—
ട്ടുൾത്താരിൽ ഭക്തിയോടേതവകുരിശടിയിൽ
ചേരുമാറാക്കിടേണം.

നാലാം സ്ഥലം.

കായക്ലേശങ്ങളെല്ലാം കഠിനക്രിയകളാൽ
പെട്ട നിർവ്യാകുലത്തിൻ
തായെക്കണ്ടന്നതൊത്തുൾപ്രിയമൊടുസഹജാ!
നിൻപദം കുമ്പിടുന്നേൻ.

ന്യായത്തിനൊത്തു ഞങ്ങൾ തവതിരുജനനി
 കളുനൽമക്കളെപ്പോ—
ലായമ്മക്കിന്നുമെന്നും സ്തുതികളഖിലവും
 ചെയ്യുമാറാക്കണം നീ.

### അഞ്ചാം സ്ഥലം.

ധാമത്തിൻ ശക്തിയററൊരവശത സമയം
 നായകാ! നിൻറക്രൂശ—
ശ്ശീമോൻ താങ്ങുന്നതോർത്തിന്നടിയരമലമാം
 നിൻപദം കുമ്പിടുന്നേൻ
പ്രേമത്തോടന്യകുററക്ഷമയുമലിവുമാ
 യന്യരിൽ സ്നേഹമന്യ—
ക്ഷേമത്തിൽ പ്രീതിയെന്നീഗുണഗണമഖിലം
 ഞങ്ങളിൽ ചേർത്തിടേണം.

### ആറാം സ്ഥലം. (ൽ

വ്രോണീക്കാനിൻമുഖത്തെക്കറയൊരു തുണിയാ
 ലുത്തതിന്നായതിൽ നീ
ത്രാണേശാ! ചെയ്തയാസ്യപ്രതിമയെയടിയാർ
 വീണിതാകുമ്പിടുന്നേൻ
പ്രാണൻപോകുന്നനേരം തവമുഖകമല
 ച്ഛായയുൾത്താരിനുള്ളിൽ (ൽ
കാണാനായ് നീ കടാക്ഷംപൊഴിയണമിവരി
 നിത്യവും നിത്യനാഥാ!

### ഏഴാം സ്ഥലം.

വീണ്ടും നല്ലേശുവേ! നീ കുരിശോടുതറമേൽ
 വീണതിന്നോർത്തുഞങ്ങൾ
വീണ്ടും വീണ്ടും വണങ്ങിസ്സുവിനയമനസ്സാൽ
 നിൻപദം കുമ്പിടുന്നേൻ
വീണ്ടും പാപത്തിലേക്കായ് മനമിനിവരുകിൽ
 ജീവഹാനിയ്ക്കു ഞങ്ങൾ
വേണ്ടുംപോലാസ്ഥമാകാനിടതരണമിഹം
 വീണ്ടുരക്ഷിച്ചനാഥാ!

### എട്ടാം സ്ഥലം.

ലോകത്തിൻരക്ഷകാ! നീ ജരുസലനഗര
 സ്ത്രീകളാം സഞ്ചയത്തിൻ
ശോകത്തെത്തീർത്തവാക്കിൻനിനവിനൊടുവയം
 നിൻപദം കുമ്പിടുന്നേൻ
ലോകം ദേഹം പിശാചാം രിപുഗണനടുവിൽ
 കേണിടും ഞങ്ങളെല്ലാം
നാകത്തിൽ ചേരുവോളം തവ തിരുമിഴിയാ
 ലാശ്വസിപ്പിച്ചിടേണം.

### ഒൻപതാം സ്ഥലം.

മൂന്നാംപ്രാവശ്യവും നീ കുരിശൊടുപതനം
 ചെയ്തതിന്നേഴിനുംമേൽ
മൂന്നാംപ്രാവശ്യമായുൾക്കനിവൊടു ജനകാ!
 നിൻപദം കുമ്പിടുന്നേൻ
മൂന്നാംസ്ഥാനം വഹിച്ചീ നിരുപമദുരിതം
 പെട്ട നീ ഞങ്ങളിൽമേൽ
മൂന്നോടഞ്ചിന്ദ്രിയത്തിൽ വിമലത വരുവാൻ
 നൽവരം തന്നിടേണം.

### പത്താം സ്ഥലം.

പ്രേമത്താൽ പൂർണ്ണനാഥാ! തവതിരുവുടലിൽ
 നിന്നു തോലെന്നപോൽ വൻ—
ഹേമത്താൽ ചെയ്ത വസ്ത്രാപഹരണമതിനായ്
 നിൻപദം കുമ്പിടുന്നേൻ
കാമത്താൽ ഞങ്ങളാത്മാഭരണതുകിലുമാം
 നിൻറയിഷ്ടപ്രസാദം
ക്ഷാമത്തിൽ ചേർത്തിടാഞ്ഞാൻ തവ തിരുഹൃദയം
 ഞങ്ങളെ കാത്തിടേണം.

### പതിനൊന്നാം സ്ഥലം.

യൂദാവിൻ സിംഹമേ! നിൻകരപദകമലം
 കാരിരുമ്പാലെ ക്രൂശിൽ
യൂദന്മാരാൽ തറയ്ക്കപ്പെട്ടവതു നിരൂപി
 ച്ചപ്പദം കുമ്പിടുന്നേൻ
മേദസ്സിൻ ദുർഗ്ഗുണത്താൽ മനസ്സിനുവരുമ
 സ്സുവ് ദുർമ്മോഹവും നിൻ—
പാദത്തേയോർത്തകററാൻ തവവരമിവരിൽ
 ചേർത്തു പാലിച്ചിടേണം.

### പന്ത്രണ്ടാം സ്ഥലം.

തുണ്ടും മോഷ്ടാക്കളൊന്നിച്ചവരുടെ നടുവിൽ
 പഞ്ചമാപാതകൻപോൽ
തൂങ്ങിത്തുഞ്ചിക്കിടക്കും വിമലനരസുതാ!
 നിൻപദം കുമ്പിടുന്നേൻ.
തൂക്കപ്പെട്ടോരു സർപ്പപ്രതിമ മൃതിയൊഴി
 ച്ചെന്നപോൽ ഞങ്ങളിൽനിന്
തൂക്കപ്പെട്ടോരു രൂപം മൃതിയുടെ വിജയം
 നീക്കമാറാക്കിടേണം.

### പതിമൂന്നാം സ്ഥലം.

ത്രാതാവേ! നീ മരിച്ചിട്ടമലവുടലിതാ
 വ്യാകുലത്തോടിരിക്കും
മാതാവിൻ കൈയിലല്ലോ മടിയിലമരുമീ
 നിൻപദം കുമ്പിടുന്നേൻ
തേതായിൻ വ്യാകുലത്തിൻ സുകൃതഫലമൊടാ
 മാതൃ മാദ്ധ്യസ്ഥമെന്നും
നീ താൻ ഞങ്ങൾക്കു തന്നീഭുവനിയിലനുദിനം
 കാത്തു രക്ഷിച്ചിടേണം.

പതിന്നാലാം സ്ഥലം.

ചെന്നായ്ക്കൾക്കായ് മരിച്ചോരജശിശുവര!
നിൻദേഹമകല്ലറകൾ
നന്നായ് സ്ഥാപിച്ചതോർത്തും വിനയമൊടടിയാർ
നിൻപദം കുമ്പിടുന്നേൻ
ഇന്നാളിൽത്തന്നെ ഞങ്ങൾ മരണമനുഭവി
ച്ചെന്നപോൽ നിശ്ചയിച്ചി—
ട്ടെന്നാളും പാപമെന്യേ സുകൃതമൊടു ധരേ
വാഴുമാറാക്കിടേണം.

അന്ത്യാപേക്ഷ.

സ്ലീവായാൽ ദൈവകോപം സകലതുമതുപോ
ഭൂമിയിൽ ശാപവും നീ (ൽ
സ്ലീവായാൽ തീർത്തനാഥാ! തിരുനരബലിയേ!
നിൻപദം കുമ്പിടുന്നേൻ
"സ്ലീവാപാഥ"യ്ക്കുചേരും ഗുണഫലമഖിലം
തന്നു നീ ഞങ്ങളേയീ
സ്ലീവായാലാശിചെയ്തും ക്ഷിതിയിലധികമായ്
ചിന്തണം ദിവ്യമാംശ്രീ.

എം. വി. ലോന്നൻ.



## തിരുഹൃദയ സഭക്കാർ

൧൦൮൯ മീനമാസത്തിൽ വയ്ക്കേണ്ട

### പൊതു നിയോഗം.

"കുരിശിനെപ്പററിയുള്ള ജ്ഞാനം."

കുരിശു എന്നു പറഞ്ഞാൽ സങ്കടങ്ങൾ, ദാരിദ്ര്യം, നിന്ദ, ബുദ്ധിമുട്ടുകൾ, പീഡകൾ എന്നർത്ഥമാകുന്നു. ഈശോ, ഈ ലോകത്തിൽ ആയിരുന്നപ്പോൾ കുരിശിനെ സ്നേഹിച്ചിരുന്നു. അവിടുത്തേപ്പോലെ നാമും കുരിശിനെ സ്നേഹിക്കേണം. "എന്നെ അനുകരിപ്പാൻ മനസ്സാകുന്നവൻ തന്നെത്തന്നെ പരിത്യജിച്ച് സ്വന്ത കുരിശും എടുത്തു എന്നെ അനുകരിക്കണം" എന്നാണ് നമ്മുടെ ദിവ്യഗുരു നമ്മോടു ഉപദേശിക്കുന്നത്. ഈശോയുടെ കുരിശിനെ നാം സ്നേഹിക്കയും പീഡകളും കഷ്ടതകളും അനുഭവിക്കയും ചെയ്യുന്നതു നമുക്കു ഭാഗ്യമാണെ എന്നു ഈശോ നമ്മെ പഠിപ്പിക്കുന്നു. മാനസികമായി ദാരിദ്ര്യം അനുഭവിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെതാകുന്നു. കരയുന്നവർ ഭാഗ്യവാന്മാരാകുന്നു. എന്തുകൊണ്ടെന്നാൽ അവർ ആശ്വസിക്കും. എളിമയുള്ളവർ ഭാഗ്യവാന്മാരാകുന്നു. എന്തുകൊണ്ടെന്നാൽ ഭൂമിയെ അവർ നേടും. നീതിയെപ്രതി ഞെരുക്കം അനുഭവിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെതാകുന്നു എന്നും മററും ന. ദിവ്യഗുരു അരുളിച്ചെയ്യുന്നു. ലൌകികർ സമ്പത്തുകളിലും ബഹുമാനങ്ങളിലും സുഖഭോഗങ്ങളിലും ഭാഗ്യം വച്ചിരിക്കുന്നു. എന്നാൽ ദിവ്യജ്ഞാനികൾ സങ്കടങ്ങളിലും നിന്ദകളിലുമാണെ ഭാഗ്യം സ്ഥാപിച്ചിരിക്കുന്നത്. അതുകൊണ്ടു ദിവ്യരക്ഷകൻെറ ഉപദേശങ്ങൾക്കും മാതൃകക്കും അനുസാരമായി പാടുകളേയും നിന്ദകളേയും സ്വപരിത്യാഗത്തേയും നാം സ്നേഹിക്കണം. എന്നാൽ നാം മഹത്വമുള്ളവരാകും. ക്രിസ്ത്വാനുസാരം പുസ്ത. ര. അ. ൧൨. ഇപ്രകാരം പറയുന്നു: ഈശോ തൻെറ കുരിശിനെ ചുമന്നുകൊണ്ടു നിൻെറ മുമ്പിൽ പോയിരിക്കുന്നു. നിന്നെ പ്രതി അവിടുന്നു കുരിശിൽ മരിച്ചിരിക്കുന്നു. ആകയാൽ നീയും നിൻെറ കുരിശിനെ ചുമക്കയും കുരിശിന്മേൽ മരിപ്പാൻ ആഗ്രഹിക്കയും ചെയ്യേണം. എന്തുകൊണ്ടെന്നാൽ നീ ഈശോയോടുകൂടെ മരിച്ചാൽ അദ്ദേഹത്തോടുകൂടെ ജീവിക്കും. നീ പാടുകളിൽ അവിടുത്തെ കൂട്ടുകാരനാകയാൽ അവിടുത്തെ മഹത്വത്തിലും നീ പങ്കാളിയാകും.

## ലോകവർത്തമാനച്ചുരുക്കം.

മെയിജർ പെയിടിക്ക് അ ബെക്കററ്. അവർകളുടെ ഭാര്യയും, ഇപ്പോഴത്തെ കിച്ചനർപ്രഭു അവർകളുടെ പുത്രിയും പരേത

നായ ഫീൽഡ് മാർഷൽ കിച്ചനർ പ്രഭു അവർകളുടെ മരുമകളുമായ നോറാ അബെക്കററ് എന്ന പ്രഖ്യാതയായ സ്ത്രീ ഇക്കഴിഞ്ഞ ഡിസംബർ ൧൧-ാംനു- വെസ്ററ്മിനിസ്ററർ ദേവാലയത്തിൽവച്ചു കത്തോലിക്കാ സഭയിൽ ചേരുകയുണ്ടായി.

യുദ്ധമവസാനിച്ചാൽ ഇൻഡ്യയിൽ ആകാശത്തപാൽ നടപ്പാകുമെന്നു കല്ക്കത്തിൽ മൊണ്ടേഗുപ്രഭു സിലോണിലെ ഒരു പത്രപ്രതിനിധിയോടു പ്രസ്താവിച്ചിരിക്കുന്നു. പുതിയ തരം വ്യോമയാനത്തിൽ കൊളമ്പിൽനിന്നു മദ്രാസിൽ എത്താൻ അഞ്ചുമണിക്കൂറു മതിയാകുമെന്നു കാണുന്നു.

മ്യൂനിക്ക് പട്ടണത്തിലെ ജർമ്മൻസ്ത്രീകൾ, നീളമുള്ള തലമുടി 300 റാത്തലോളം നാവിക ഡിപ്പാർട്ടുമെണ്ടിലേക്കു ദാനം ചെയ്തിരിക്കുന്നു. കഴനാക്കപ്പലുകളിൽ മുടി കൂട്ടിപ്പിരിച്ച ബ്രഷ്റുകളാണു ഇപ്പോൾ അധികം ഉപയോഗിക്കുന്നതു്.

ഇററാലിയൻ പട്ടാളത്തിൽ കടന്നു പട്ടാളക്കാർക്കു ദുരാലോചന കൊടുത്ത ജർമ്മൻകാർ ഇത്താലിയൻ സൈന്യശാലകളിൽ പഠിച്ചവരായിരുന്നു എന്നു തെളിഞ്ഞിരിക്കുന്നു. ഇവർ ഇററാലിയൻ പട്ടാളക്കാരുടെ ഇടയിൽ ഗവമ്മേണ്ടിനോടു മത്സരബുദ്ധി ജനിപ്പിക്കുന്നതിനു പല തന്ത്രങ്ങളും പ്രയോഗിക്കുകയുണ്ടായി. 'ജ്യോണ്ണാലെ ദെ ഇത്താലിയാ' എന്ന അവിടുത്തെ പ്രധാനപ്പെട്ട പത്രത്തിന്റെ അനേകം പ്രതികൾ ഈ ജർമ്മൻ ചാരന്മാർ പട്ടാളക്കാർക്കു കൊടുത്തു. അതു ജർമ്മനിയിൽ അച്ചടിച്ചവയും വ്യാജനിർമ്മിതങ്ങളും പട്ടാളക്കാരുടെ വിശ്വസ്തതക്കു ഇളക്കം വരത്തക്ക ലേഖനങ്ങൾ അടങ്ങിയവയുമായിരുന്നു. പ്രഥമദൃഷ്ടിയിൽ ഈ വഞ്ചന ആർക്കും മനസ്സിലാവുകയില്ല.

ഇയ്യിടെ ഒരു ദിവസം രാവിലെ ബോംബെ ഗവർണർ വില്ലംഗ്ടൺ പ്രഭു മൃഗയാവിനോദം കഴിഞ്ഞു തിരിച്ചുവരും വഴി അദ്ദേഹം കുതിരയിൽനിന്നും തലകുത്തിവീണു ചില അപകടങ്ങളുണ്ടായിരിക്കുന്നു. ഗവർണരവർകൾ കുതിരയിൽനിന്നും വീണശേഷം വളരെ നേരം കഴിയുന്നതുവരെ അദ്ദേഹത്തിനു ബോധമുണ്ടായിരുന്നില്ല. അടുത്തുതന്നെ ഗവർണരവർകളെ തുടർന്നുകൊണ്ടിരുന്ന പത്നിയും പരിവാരങ്ങളും ഉടൻ അടുത്തെത്തി അദ്ദേഹത്തെ ഒരു മോട്ടാർവണ്ടിയിലാക്കി ഗവമ്മേണ്ടു ഹൌസിൽകൊണ്ടുവന്നു വേണ്ട ഉപചാരങ്ങളും ഔഷധപ്രയോഗങ്ങളും ചെയ്കയാൽ ഇപ്പോൾ വളരെ സുഖമുണ്ടെന്നു കാണുന്നു. എങ്കിലും കുറച്ചുദിവസങ്ങൾകൂടി കഴിഞ്ഞശേഷമേ അദ്ദേഹത്തിനു ജോലി ചെയ്യുവാൻ ത്രാണിയുണ്ടാകയൊള്ളുവത്രെ.

സ്പെയിനിലെ പാർലിമേണ്ടു മെമ്പറന്മാരെ തെരഞ്ഞെടുത്തുകഴിഞ്ഞിരിക്കുന്നു. ജനാധിപത്യകക്ഷികളും സോഷ്യലിസ്റ്റ് കക്ഷികളും വളരെ ശ്രമിച്ചിട്ടും ഒടുവിൽ പരാജിതരാവുകയാണുണ്ടായതു്. രാജാധിപത്യ കക്ഷികളിൽ ഉദ്ദേശം ൩൦൦ പേർ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്. എങ്കിലും സ്പെയിനിന്റെ വിദേശകാര്യതന്ത്രത്തിനു വലിയ മാററമൊന്നും വരുമെന്നു തോന്നുന്നില്ല. ശാന്തമാനസന്മാരായ എല്ലാ രാജ്യവാസികളെയും ഭ്രമിപ്പിക്കുന്നതു റഷ്യായിലെ ബ്വോൽഷേവിക്ക്സ് അരാജകത്വത്തഭയന്നിട്ടായിരിക്കാം, സ്പെയിൻകാരിൽ ഭൂരിപക്ഷവും രാജകക്ഷികളെ സഹായിക്കാൻ തീർച്ചപ്പെടുത്തിയതു്.

ഇററലിയിൽ വലിയ ധനാഢ്യന്മാരുൾപ്പെടെ ഏതാനും ആളുകളെ അറസ്റ്റ് ചെയ്തിരിക്കുന്നു. ഇവർ പട്ടുനൂൽ വ്യവസായം ചെയ്യുന്നവരാണ്. അനേകലക്ഷം പവൻ വിലക്കുള്ള പട്ടു്, സെപ്പലിൻ വിമാനനിർമ്മാണത്തിൽ ഉപയോഗപ്പെടുത്തുന്നതിനായി ഇവർ സ്വിറ്റ്സർലണ്ടിലേക്കയച്ചതാണു അറസ്റ്റ് ചെയ്വാൻ കാരണം.

അമേരിക്കൻ ഗവമ്മേണ്ടിനു ഇക്കഴിഞ്ഞ പത്തുമാസത്തെ യുദ്ധച്ചെലവു 710 കോടി ഡോളർ ആണ്. ഇതിൽ പകുതിയും സങ്കലിതർക്കു കടം കൊടുത്തതാകുന്നു.

ജർമ്മൻ ഗവമ്മേണ്ടിന്റെ കടം 12,400 കോടി മാർക്കസ് ആണെന്നു കാണുന്നു.

റഷ്യാക്കാരും ജർമ്മൻകാരും തമ്മിൽ യുദ്ധം നിറുത്തി സമാധാന ഉടമ്പടി ചെയ്തിരിക്കുന്നു.

ലണ്ടനിൽനിന്നു ഒരു ആകാശവിമാനം, ഒരു ദിവസംകൊണ്ടു ആറു ദിക്കിൽ താമസിച്ചശേഷം റോമായിൽ എത്തിയിരിക്കുന്നു.

ചൈനായിലുണ്ടായ ഒരു ഭൂകമ്പം നിമിത്തം സപാട്ടോ എന്നൊരു പട്ടണവും രണ്ടായിരം ജനങ്ങളും നശിച്ചുപോയിരിക്കുന്നു.

ഇക്കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ബ്രിട്ടീഷ്കാൎക്കു പ്രതിദിനം നൂറ് ലക്ഷം പവനായിരുന്നു ശരാശരിയുള്ള യുദ്ധച്ചെലവെന്നു കാണുന്നു.

തടവുകാരാക്കപ്പെട്ടിട്ടുള്ള പടയാളികളുടെ കഷ്ടതകളെ പരിഹരിക്കുന്നതിനു മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു സഫലമായ വിധത്തിൽ പലേ സംഗതികളും നടത്തീട്ടുണ്ടല്ലോ. ഇവയെല്ലാം പുറമെ ഇപ്പോൾ അവിടുന്നു, പഞ്ചസാര, ബിസ്കത്ത് മുതലായവ അടങ്ങിയ ബങ്കികൾ തടവുകാൎക്കു അയച്ചുകൊണ്ടിരിക്കുന്നു.

ഇംഗ്ലണ്ടിലുള്ള വൎത്തമാനപ്പത്രങ്ങൾക്കു, പതിവുള്ളതിൽ മൂന്നിൽ രണ്ടുഭാഗം മാത്രമേ കടലാസു ഉപയോഗിപ്പാൻ പാടുള്ളു എന്നു ഒരു നിയമം ഉണ്ടായതനുസരിച്ചു പത്രങ്ങളുടെ വലിപ്പം കുറച്ചിരിക്കുന്നു.

നമ്മുടെ ചക്രവൎത്തിതിരുമനസ്സിലെ ബാൽമോറൽ കൊട്ടാരം മുറിപ്പെട്ട പടയാളികളുടെ ആവശ്യത്തിനായും, ബക്കിങ്ങാം കൊട്ടാരവും, കെൽസ്റ്ററൺകൊട്ടാരവും ഗവൎമ്മേണ്ടാപ്പീസുകൾ നടത്തുവാനായും കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു.

ബാങ്കുനോട്ടുകൾകൊണ്ടു പുകക്കുഴലിൽ തീ പിടിപ്പിക്കുകയും, ആൾക്കൂട്ടങ്ങളിലേക്കു പവൻ വാരി എറിയുകയും ചെയ്തുകൊണ്ടു നടന്നിട്ടുള്ള ആർതർ ക്രൾസൻ എന്ന ധനമത്തൻ, തന്റെ ൯_ാമത്തെ വയസ്സിൽ കോൾചെസ്റ്റർ എന്ന സ്ഥലത്തുവച്ചു പട്ടിണിമൂലം മരിച്ചുപോയിരിക്കുന്നതായി കാണുന്നു.

മരിച്ചവൎക്കുവേണ്ടിയുള്ള പ്രാൎത്ഥന പ്രോട്ടസ്റ്റാണ്ടു കൎമ്മക്രമപുസ്തകത്തിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടിട്ടു മൂന്നുനാലു ശതകങ്ങൾ കഴിഞ്ഞു. കത്തോലിക്കാസഭ മരിച്ചവൎക്കുവേണ്ടി പ്രാൎത്ഥിക്കുന്നതു മൂഢവിശ്വാസം നിമിത്തമാണെന്നു ഈ കാലമെല്ലാം പ്രോട്ടസ്റ്റാണ്ടുകാർ അധിക്ഷേപിക്കുകയും ചെയ്തുവന്നിരുന്നു. ശുദ്ധീകരസ്ഥലമില്ലെന്നായിരുന്നു അവരുടെ വാദം. എന്നാൽ കുറേനാൾക്കുമുമ്പ്, പ്രോട്ടസ്റ്റാണ്ടു സഭയിലെ പല പ്രമാണികളും ആ നില വിട്ടു സംസാരിച്ചുതുടങ്ങിയിരുന്നു എങ്കിലും മരിച്ചവൎക്കുവേണ്ടി പരസ്യമായി പ്രാൎത്ഥന നടത്തുന്നതിനു മെത്രാന്മാൎക്കു ധൈൎയ്യമുണ്ടായില്ല. ആധുനിക യുദ്ധം, ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റാണ്ടു മെത്രാന്മാൎക്കു അവരുടെ വിശ്വാസമനുസരിച്ചു പ്രവൎത്തിക്കുവാൻ ധൈൎയ്യം നൽകിയിരിക്കുന്നു. "മരിച്ചവരുടേയും ഞങ്ങളുടേയും പാപങ്ങൾ മോചിക്കപ്പെടേണമെ" എന്നു അവർ ഇതിനിടെ പരസ്യമായി പ്രാൎത്ഥിക്കുകയുണ്ടായി. ഇതിന്റെ സാരം ഒരു ശുദ്ധീകരസ്ഥലമുണ്ടെന്നാണല്ലോ. കല്ക്കത്തായിലെ പ്രോട്ടസ്റ്റാണ്ടു മെത്രാനു അത്രത്തോളം ധൈൎയ്യമുണ്ടായില്ല. "മരിച്ചവരിൽ നീ ആരംഭിച്ചിരിക്കുന്ന വേല യേശുക്രീസ്തുവിന്റെ ദിവസംവരെ പൂൎത്തിയാക്കേണമെ" എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രാൎത്ഥന.

## മരണം.

കൊല്ലം രൂപതയിൽ ചേൎന്ന അഞ്ചുതെങ്ങു പള്ളി ഇടവകക്കാരനായ റവറണ്ടു ഫാദർ ജോസഫ് ഗോമസ് അവർകൾ ഇക്കഴിഞ്ഞ മാസം ൨൫-ാംനു ൭൬-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായിരിക്കുന്നു. കൊല്ലം മെത്രാൻ ഡോക്ടർ ബെൻസിഗർ അവൎകളാണ് ഇദ്ദേഹത്തിനു അന്തിമക്രൂദാശകൾ നൽകിയതു്. മരണഹേതുകമായ ദീനം ഹൃദോഗമായിരുന്നു.

ചങ്ങനാശേരി മിസത്തിൽചേൎന്ന പാലയത്തുപള്ളി ഇടവക കിഴക്കേക്കുറു ബസ്തിയാച്ചനവൎകൾ ഫെബ്രുവരി ൧൬-ാംനു അന്തിമക്രൂദാശകളെല്ലാം ഭക്തിപൂൎവ്വം കൈക്കൊണ്ട് ഈലോകവാസം വെടിഞ്ഞിരിക്കുന്നു. പ്രമേഹരോഗബാധിതനായി ഉദ്ദേശം മൂന്നു കൊല്ലത്തോളം കിടക്കുകയും ഒടുവിൽ അതിസാരം മൂലം മരണം നേരിടുകയുമാണുണ്ടായതു്. മരിക്കുമ്പോൾ ൬൦ വയസ്സു പ്രായമായിരുന്നു. അന്നുതന്നെ ആറേഴു പള്ളികളിലെ ദൎശന സാമഗ്രികളോടും പതിനഞ്ചിൽപരം വൈദികരുടെ സാന്നിധ്യത്തോടുംകൂടി പാലയത്തു പള്ളിയിൽ ശവസംസ്കാരം ആഘോഷപൂൎവ്വം നടത്തപ്പെട്ടു. ഈ വൈദികന്മാരുടെ ആത്മാനുകൂല്യാൎത്ഥം വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം.

# മാസികാ വരിപ്പണം അടച്ചവരുടെ

## പേരുവിവരം.

---

ഒരു രൂപാവീതം.

മ. രാ. രാ.              അവർകൾ,

ബ. ചിറമേൽ ദേവസ്സിയച്ചൻ, ചക്കിയത്തു മാത്തു പ്രഞ്ചു, വേക്കൽ വക്കി വക്കി, പാണാവള്ളി കോവേന്തയുടെ ബ. വികാരിയച്ചൻ, ബ. പള്ളിക്കാപറമ്പിൽ പൌലോസച്ചൻ, Rev. Fr. Superior Carmel Hill Monastery Trivandrum, ബ. വേഴപ്പറമ്പിൽ യൌസേപ്പച്ചൻ, ബ. ഇല്ലിക്കൽ യാക്കോച്ചൻ, A. S. Pereira Ceylon, പൊട്ടനാനിക്കൽ മത്തായി, ശൌരിമുത്തുപ്പുണാണ്ടസ്, സെക്രട്ടറി സെൻറ ജോർജ്ജ്സ് വായനശാല അരുവിത്തുറ, മുത്തനാട്ടു കുഞ്ഞാക്കോ കൊച്ചുമത്തായി, മട്ടമേൽ വക്കി ഈശി, അറയ്ക്കൽ നെല്ലിശ്ശേരി അന്തോനി ചാക്കപ്പൻ, ബ. മുത്തനാട്ടു യൌസേപ്പച്ചൻ, മുണ്ടിത്തു ഔസേപ്പു ഈസാക്ക, വി. പ്രാൻസീസ് പ്രണാണ്ടസ്, ബ. കലയക്കാട്ടിൽ തോമ്മാച്ചൻ, ബ. ചക്കാലയിൽ യൌസേപ്പച്ചൻ, ബ. മുരിക്കൻ തോമ്മാച്ചൻ, ബ. കട്ടപ്പുറത്തു യാക്കോച്ചൻ, വടക്കയിൽ വക്കി, ബ. മേൽവട്ടത്തു യാക്കോച്ചൻ, ബ. മാളിയേക്കൽ അബ്രാഹമച്ചൻ, ബ. മുണ്ടാട്ടുചുണ്ടയിൽ തോമ്മാച്ചൻ, ബ. ചക്കാലയിൽ യൌസേപ്പച്ചൻ, തുരുത്തിപ്പള്ളിൽ ഉലഹന്നൻ വറുഗീസ്, ബ. നമ്പ്യാപറമ്പിൽ യാക്കോച്ചൻ ബ. മേക്കുന്നേൽ പൌലോസച്ചൻ, കണ്ടിരിക്കൽ മാത്തു ഉലഹന്നൻ, വെട്ടിക്കാട്ടു ഔസേപ്പ്, മിസ് കളത്തിൽ ജോസഫീനാ, കരിന്തോളിൽ യോഹന്നാൻ മത്തായി.

പലവക.

ബെ. ബ. കെ. ജെ. അബ്രാഹം ക. ൨ രൂ. ൭ ച. ൧൨ കാ., ബ. വളവനാട്ടു പത്രോസച്ചൻ ൩ രൂ., ബ. വടക്കയിൽ മത്തായി അച്ചൻ ൧ രൂ. ൰ ച., ബ. ജെറോം പുണാണ്ടസ് പാദ്രി ൨ രൂ, നെല്ലിപ്പുഴ ഔസേപ്പു ഇട്ടി ൨ രൂ., Rev. Fr. Mary Ephram Gomez ൬ രൂ., ആലപ്പുഴ കന്യകാമഠത്തിന്റെ ബ. ശ്രേഷ്ഠത്തിയമ്മ ൧ രൂ. ൨൩ ച. ൧൨ കാ., ബ. വടശ്ശേരിൽ യാക്കോച്ചൻ ൨ രൂ., ചെറിയപറമ്പിൽ ജേക്കബ് മരിയാൻ ൨ രൂ., മണ്ണനാൽ കൊണ്ടാട്ടിൽ വിനസന്ത്യോസ് കുര്യാക്കോസ് ൧൭ ച. ൭ കാ.

REGISTERED No. M. 365

# പഞ്ചാംഗം.

൧൦൯൩ മീനം — മേടം.

| മാസം. | തീയതി. | മാസം. | തീയതി. | ആഴ്ച. | വിശേഷ ദിവസങ്ങൾ. | |
|---|---|---|---|---|---|---|
| ഏപ്രിൽ. | | മീനം. | ൧൯ | തി | (✠) എം. ന. ക. ആ. | വെ. |
| | | | ൨൦ | ചൊ | (✠) എം. ന. ക. ആ. | വെ. |
| | | | ൨൧ | ബു | (✠) എം. ന. ക. ആ. | വെ. |
| | | | ൨൨ | വ്യാ | എം. ന. ക. ആ. | വെ. |
| | 5 | | ൨൩ | വെ | എം. ന. ക. ആ. | വെ. |
| | 6 | | ൨൪ | ശ | എം. ന. ക. ആ. | വെ. |
| | 7 | | ൨൫ | ഞാ | ✠ ഉ. ൧ാം ഞാ. ന. ക. ആ. | വെ. |
| | 8 | | ൨൬ | തി | † മെത്ര. പാ. അൽവത്ത ന. ആ. ക. പെ. | വെ. |
| | 9 | | ൨൭ | ചൊ | † മെത്ര. യോഹ. ദമ (മാർച്ച് ൨൭) | വെ. |
| | 10 | | ൨൮ | ബു | † മെത്ര. യോഹ. (മാർച്ച് ൩൦) | വെ. |
| | 11 | | ൨൯ | വ്യാ | മെത്ര. പാ. ലെയോൻ ന. ആ. ക. പെ. | വെ. |
| | 12 | | ൩൦ | വെ | മെത്ര. ഫ്രം. പെത്ര. (ഈമാ. ൨) ന. ആ. ക. പെ. | വെ. |
| | 13 | മേടം. | ൧ | ശ | † ദ്വേ. രാജ. ഹെർമ്മന. ന. ആ. ക. പെ. | ചു. |
| | 14 | | ൨ | ഞാ | ✠ ഉയ. ൨ാം ന. ക. ആ. | വെ. |
| | 15 | | ൩ | തി | വേ. തിബോ. ക്രൂ. (ഇന്ന.) ന. ആ. ക. പെ. | ചു. |
| | 16 | | ൪ | ചൊ | † മെത്ര. ഇസിദോ. (ഈമാ. ൪) ന. ആ. ക. പെ. | വെ. |
| | 17 | | ൫ | ബു | വേ. പാ. അനെസെ. ന. ആ. ക. പെ. | ചു. |
| | 18 | | ൬ | വ്യാ | † മെത്ര. വിന്സ (ഈമാ. ൫) ന. ആ. ക. പെ. | വെ. |
| | 19 | | ൭ | വെ | † മെത്ര. റൈമ്മുണ്ടുസ. (മക. ൨൦) ന. ആ. ക. പെ. | വെ. |
| | 20 | | ൮ | ശ | † മെത്ര. മെ. ഫ്രാൻസി. സലേ. (മക. ൧൯) ന. ആ. ക. പെ. | വെ. |
| | 21 | | ൯ | ഞാ | ✠ ഉയ. ൩ാം മാർയൗ. മല്പ്യാ. ന. ആ. ക. പെ. | വെ. |
| | 22 | | ൧൦ | തി | പാ. വേ. കായോ. (ഇന്നലെ) നീ. ആ. ക. പെ. | [illegible] |
| | 23 | | ൧൧ | ചൊ | (✠) വേ. ഗീവറുഗീസ്. ന. ക. പെ. | ചു. |
| | 24 | | ൧൨ | ബു | † വേ. ഫിദേലീസ. ന. ആ. ക. പെ. | ചു. |
| | 25 | | ൧൩ | വ്യാ | മർക്കോസ് ഏവൻ. ന. ക. പെ. | ചു. |
| | 26 | | ൧൪ | വെ | പാ. വേ. ക്ലേത്താ. ക്രൂ. ന. ആ. ക. പെ. | ചു. |
| | 27 | | ൧൫ | ശ | † അ. മല്പാ. അൻസേൽ. (ഈ ൨൧) ന. ആ. ക. പെ. | വെ. |
| | 28 | | ൧൬ | ഞാ | ✠ ഉയ. ൪ാം ന. ക. ആ. | വെ. |
| | 29 | | ൧൭ | തി | വേ. പത്രോ. ന. ആ. ക. പെ. | ചു. |
| | 30 | | ൧൮ | ചൊ | ക. കത്തറീന. ന. ആ. ക. പെ. | വെ. |

✠ ഈ അടയാളം എല്ലാവർക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം. (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേർക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor by A. P. Mani at
St. Joseph's Press, Mannanam.